
# Reverie 2015

EMA NEWS, Vol 7 January 2015
ST. Mary's College, Thrissur



**Phone: 0487 2333485**
**E-mail: smctsr@gmail.com**
**Website: www.stmaryscollegethrissur.edu.in**

**Chief Editor: Prof. Leela Menon P**
**Associate Editors: Prof. Mary Kunju**
**Mrs. Susela Velayudhan**

Dear Elder Marians!

As we go along the path of our life observing the activities and achievements that showers flowers of joy around us  we simply fold our hands in amazement and wonder at the glories of God and then indulge ourselves in prayers and His praises. Yes. I do near the joy of peace our Alma Mater and our Management – the CMC Educational Society must now be sharing with each other among their members. It is the fertile soil of their devout minds that has been awarded by God with two saints at a stroke as fruits of their prayers and devout lives. The very founder of the CMC Management and one of the first entries of the austere souls who started her religious life with the group have together been canonized; a rare event in the annals of such religious establishment.

May I also note a little selfish pride in owning our own Sr. Cleopatra- the Vice Postulator who championed the cause of Mother Euphrasia. She is our alumnae – the one who joined the convent at 15 with special sanction and order from none other than the Pope of the time!?  And she came to the victory stand in a little more than a decade bringing her saint to the Vatican St. Peter's square?!

Let us rejoice-rejoice in the Mercy of the Lord who go on making such marvellous buds bloom in his own divine garden! This proves to the world that however selfish, loveless cruel, and heartless men have become God can soothen the good and the believing hearts by shreding such glows of glorious light on them. The prayerful songs and the holy lives these people live- the love and the goodness they emanate through their words and actions do please him beyond measure and He will forever be thus and thus only; Pleased immeasurably with his devotees and believers! His name be Praised!

May this thought enlighten our minds and console our aching hearts which stand darkened with the gloom of selfishness, atrocity, and cruelty we find and experience around us.

God lore alone suffices!

He alone suffices!

We only have to believe and entrust our souls to His Merciful hands!

May the light of St. Euphrasias' prayerful Heart brighten the ways of CMC Management further and the blessings of St. Chavara guide us on in the Good Lords' world………

Happy New Year to one and all of the Alumnae Association!

**Prof. Leela Menon P (1959-66)**

**Principals Note**

Dear St. Marians,

**I feel great pleasure in handing the issue of our 'Reverie', the annual Alumnae Newsletter.** This Elder St.Marians Association is a body that makes meaningful contribution to our *AlmaMater* and promotes camaraderie amongst its members of past, present and future. We acknowledge and accept this responsibility with all humility and promise our togetherness in a true and collective St. Marian spirit. Together we are stronger.

I am extremely happy to know that our Alumnae association is bringing out their 'Reverie' during this year in a new-fangled appearance. 'Reverie' unravels the year's events that have gone by to the readers.The reunions are always rejuvenating. They bring forth wonderful nostalgic feelings. Alumnae association paves way for the proud older generation of St. Mary's to be united in the present, to recollect the past and to fill colours to their future. And here Reverie, the newsletter would be the ideal platform to reconnect each other and to relive their fond memories of the wonderful days, they spent in the College.

With a sense of pride and satisfaction, I would like to say that Reverie has renewed its spirit with the active support of the management and faculty members. With all the efforts and contributions put in by the members, I truly hope that the pages that follow will make some interesting reading. I congratulate the editorial team for making Reverie innovative, and inspiring. Their determined effort in bringing out this newsletter for alumnae is highly appreciated!!

We, at St. Mary's College, certainly look forward to a meaningful contribution from all the alumnae to your *Alma Mater*. This includes sharing your professional expertise with the present students and contributing to the nation building through knowledgeable, efficient and upright citizens, who have imbibed the right values during their tenure at the College.

Hail! St. Mary's hail!
Hail! *Alma Mater* hail!
Thank you

**Dr.Sr. Jacintha CC (Sr.Chrislin)**

**പലായനം**

ചക്രവാള സീമയിലേയ്ക്ക് ആഴ്ന്നിറങ്ങി

ചാന്ദ്രകിരണങ്ങൾ കൊണ്ടാഭതൂകി

ചതുർദിക്കുകൾ എങ്ങോ പോയ് മറഞ്ഞു

ചലിക്കും ഉർവ്വിയിലേയ്കാഴ്ന്നിറങ്ങി വിണ്ണിൻ സമുച്ചയം

അസ്തയ സൂര്യൻ കുങ്കുമം ചാലിച്ച

സന്ധ്യതൻ പലായനം

നിശയുടെ പദയാത്ര തുടങ്ങുമ്പോൾ

പാലൊളി വീശുന്ന ശശിബിംബം

വിണ്ണിൻ വിഹായസ്സിൽ എവിടെയോ

പുഞ്ചിരി തൂകി നിൽ ക്കുമ്പോൾ

മനസ്സിൻ ഉൾക്കോണിൽ എങ്ങോ

ഒരു സ്നേഹ നൊമ്പരം

ഒരു സൂര്യോദയം കാത്തു

ഒരു പുലരിയെ കാത്തു

എങ്ങോ പലായനം ചെയ്ത

പകലെന്ന പോലെ

ഒരു അരുണ കാന്തി

പോലെ ഒരു നാൾ

വിളങ്ങും എൻ ഹൃത്തിലും

പലായനം നൊമ്പര പൂക്കളും

നഭസ്സിൽ കാർമേഘങ്ങൾ ഉരുണ്ടു കൂടി

ഊഴിയിൽ കണ്ണുനീർ പൊഴിക്കവേ

പ്രശോഭ ചിതറും പൊൻ വെളിച്ചവും

തൻ പലായനം നടത്തുന്നു

ദംഷ്ട്രവും ദന്തവും നീട്ടിയ

ക്രൂര മുഖങ്ങൾക്കിടയിൽ നിന്നും

പലായനം നടത്തുമൊരു
പാവം മാൻപേടപോൽ
ജീവിതത്തിൻ കയ്പുകൾ
രുചിക്കാനാവാതെ പലായനം
നടത്തുവാൻ ശ്രമിക്കുന്നു
ഒരു കൂട്ടം മർത്ത്യരും
നിശീഥിനിയുടെ കൂരിരുൾ
വകഞ്ഞു മാറ്റി അർക്കൻ
ഉദയം നടത്തവേ
പലായനം ചെയ്യുന്നു ചാന്ദ്രബിംബവും
ഇരുൾ പൂണ്ട മമഹൃത്തിൽ അജ്ഞാനത്തിൻെറ
അന്ധകാരം തുടച്ചു മാറ്റുവാൻ
അജ്ഞാനത്തിൻ അന്ധകാരം മാറ്റി
വിജ്ഞാനത്തിലേയ്ക്കുള്ള യാത്ര തുടരുന്നു ഞാൻ
ഇതാ ഇവിടെ മനസ്സാ വാചാ കർമ്മണാ പലായനം
ചെയ്യാതെ പുതിയ പാതകൾ താണ്ടി വിജ്ഞാനത്തിൻെറ
ലോകത്തിലേയ്ക്ക് ഈ ഞാനും.........................................

**സുജ ചന്ദ്രശേഖരൻ (1988)**

**യാത്ര**

അറിയില്ല വഴിയേതെന്നാർക്കുമെന്നാകിലും
പോകുന്നു ജീവിത വഴിയേ
എത്തിടാമൊരു പക്ഷേ സഫലമാമന്ത്യത്തിൽ
എത്താതെയും വീണുപോകാം
എങ്കിലുമീയാത്ര തുടരാതിരിക്കില്ല
അവസാന ശ്വാസം വരേയും
ഒരുമാത്രമിന്നിത്തെളിയുമ്പോഴാശിച്ചു

പോകുന്നു സൗഖ്യമാണെന്നും
ഒരു നിഴൽ ഓർക്കാതെ വീഴുമ്പോൾ പേടിച്ചു
വിറകൊള്ളുമന്ത്യമായെന്നും.
ദൃഢമായുമിന്നിടത്തെത്തുമെന്നോതുവാൻ
സത്യത്തിലാരുമില്ലരികിൽ
അവസാനയാത്ര കഴിഞ്ഞവരനുഭവം
പങ്കിടാനില്ലൊരേടത്തും
സൗമ്യമാം സത്യം ഗണിച്ചെടുക്കാൻ വഴി
എഴുതുവാൻ ത്രാണിയുമില്ല.
കാണ്മതു സത്യമല്ലെന്നുമൊരിക്കലും
കാണാത്താണുണ്മയെന്നും
പല തരത്തിൽ പല ഭാഷയിൽ പല പല
ജ്ഞാനത്തിനുടയവർ ചൊല്ലി.
ചൊല്ലിൻെറ പൊരുൾ തേടി അലയുന്നു വലയുന്നു
ചിന്തകൾ പൂട്ടിവയ്ക്കുന്നു.
ഭാവിതൻ കാണാക്കയത്തിൽ ഇരകോർത്തു
നൂലിട്ടു കാത്തുനിൽക്കുന്നു.
ഒരു വലിച്ചിൽ പിന്നെയൊരുവിറമെല്ലെ
വലിച്ചെടുത്തീടുന്ന നേരം
ഒരു തത്ത്വശകലം പിടയുന്നു വിജയിതൻ
മന്ദഹാസം പരക്കുന്നു.
ഇപ്പൊഴീനിമിഷത്തിലറിയുന്നൊരാനന്ദം
അതുതന്നെ ഭാഗ്യമെന്നറിവൂ.
സടകുടഞ്ഞെഴുന്നേറ്റ് യാത്ര തുടർന്നീടാം
ഉദയമുണ്ടെന്നുമരികിൽ.

**ഡോ.മേരികുഞ്ഞ് (1979)**

**ക്രിസ്തുമസ്**

ഒരു മഞ്ഞുതുള്ളിതന്നോർമ്മയിൽ വീണ്ടും

നിറമുള്ള രാവുണർന്നു

ഒരു പുൽക്കൊടിത്തുമ്പിലഴകായുണർന്നു

ഒരു ദിവ്യ ചൈതന്യ ഭാവം

ഒരു കൊച്ചു താരകം വാനിൽ തെളിഞ്ഞു

ഇരുളിൻെറ നിഴലൊഴിഞ്ഞു

ഒരു പുൽക്കുടിൽ തീർത്തെൻ കരളിൽ ഞാനെൻെറ

പൊരുളിന് തലചായ്ച്ചുറങ്ങാൻ

അറിയാതെയറിയാതെന്നകതാരിലാരോ

അലിവിൻെറ മധുമാരി തൂകി

അറിയുന്നു ഞാനെൻെറ സഹജൻെറ ദുഖം

അകലുന്നു അകലത്തെൻ ദുരിതങ്ങളഖിലം.

**ഡോ. പാർവ്വതി വാരിയർ (1983–1988)**

## Spiritual Heritage of India

The spiritual heritage of India is one of the world's standing miracles. It would rank among its greatest human achievements was it not that 'Achievement' isn't really the right word. It is more likely a reception – the opening of a people to receive, through inspiration, the breath of the eternal. There was no need for them to think of the truth by which they lived as other than the Sanathana Dharma, the external truth. It was truth itself- truth that had become incarnate in the tradition that sustained them.

The spiritual heritage of India is a brief history of the philosophy of a country that has never distinguished philosophy from religion.

The Indian religion, though having its foundation in supernatural revelation, gives a legitimate place to logic and reason, and it has never been an obstacle to the growth of philosophic thinking. Indian philosophy aims beyond logic. This peculiarity of the philosophy is to be ascribed to the fact that philosophy in India did not take its rise in wonder or curiosity as it seems to have done in the west,

rather it originated under the pressure of a practical need arising from the presence of moral and physical evil in life. It is the problem of how to remove this evil that troubled the ancient Indians most, and moksha in all the systems represents a state in which it is, in one sense or another, taken to have been overcome. Philosophic endeavour was directed primarily to find a remedy for the ills of life, and the consideration of metaphysical questions came in as matter of course.

Philosophy differs, however with respect to the exact nature of moksha, and the differences make up the substance of Hindu thought. They are due in part to varying grades of experience in realizing the transcendental life, and of course they are due above all to the attempt to express the inexpressible.

The failure to attain direct experience of the truth, and consequently, of freedom, is due to man's spiritual ignorance, which is all but universal, and which forms the chief cause of sin and suffering. It can be dispelled by direct knowledge of ultimate truth obtained through purification of the heart and through a constant striving for detachment of the soul from worldly desires. By transcending the limitations of the body, the mind, and the senses, one may enter the super conscious state.

The methods of attaining this highest state of consciousness are hearing about, reasoning about, and meditating upon the ultimate reality. One must first hear about it from the Sruthi or Vedas, and from the lips of guru, an illuminated teacher. Then one must reason under to realise the truth for oneself. Different schools offer different methods of attaining the same goal, but all agree in recommending the practice of Yoga, or the exercise prescribed in the art of concentration and meditation.

To tread the path of philosophy is to seek after truth and follow a way of life. Before a man sets out on the quest after truth he must fulfil certain conditions. There must be discrimination between the real and unreal. This means, not that a man must possess complete knowledge of absolute reality, which is attained only after long practice of meditation, but that he must unfailingly subject the nature of things to a rigid analyses by discriminating between what is transitory and what is abiding, or between what is true and what is false. The second condition is

detachment from the selfish enjoyments of life. The aspirant must learn that the highest good is realized not through worldly pleasure, but through a continuous search for the infinite, the enduring joy. The ideal of renunciation must be realized by a gradual purification of the seekers heart and mind. Another condition is that the student must acquire tranquillity of mind, self-control, patience, poise, burning faith in things of the spirit and self- surrender. Deliverance from spiritual darkness, entrance upon the path of illumination, comes only through annihilation of the false ego. When the ego dies, all troubles cease. Such a condition of being does not imply the loss of one's individuality but rather the attainment of a greater individuality, for we can lose nothing that is real.

Ethics has a role in Indian philosophy. Though not identical with it, ethics is its very foundation. Philosophy seeks by ethics to transcend the mere life of conduct, so that ethics supplies the means for making itself superfluous.

Indian philosophy is thus not a mere way of thinking but a way of life, a way of light, and a way of truth. To become a philosopher is to become transformed in life, renewed in mind, and baptized in spirit.

**Sobiya Raphael (2000-2005)**

**സാഹിത്യത്തിലെ സ്ത്രീ സ്വത്വ നിർമ്മിതികൾ**

സാഹിത്യത്തിൽ സ്ത്രീ സ്വത്വം എന്ന വിഷയത്തെ രണ്ട് രീതിയിൽ സമീപിക്കാം. സാഹിത്യത്തിലെ സ്ത്രീയുടെ അടയാളപ്പെടുത്തലുകൾ അല്ലെങ്കിൽ സ്ത്രീയുടെ എഴുത്ത്. ഇങ്ങനെ സ്ത്രീ എഴുതുന്ന സാഹിത്യം എന്നു വിവക്ഷിക്കുമ്പോൾ അത് ഒരു പ്രത്യേക വിഭാഗത്തിൻെറ പരികല്പനയാകും. പൊതുസാഹിത്യത്തിൽ നിന്ന് ഇങ്ങനെ ഒരു തരംതിരിവ് ഉണ്ടായതിൻെറ അടിസ്ഥാന കാരണങ്ങൾ അറിയേണ്ടതുണ്ട്. സാമാന്യ സാഹിത്യത്തിൽ പുരുഷ സാഹിത്യമെന്ന വിഭജനമില്ലാതിരിക്കുമ്പോൾ തന്നെ സ്ത്രീസാഹിത്യം എന്നു പേർ തിരിച്ചു പറയുകയും ചെയ്യുന്നു. സ്ത്രീ സാഹിത്യത്തിൻെറ ഉത്കർഷമോ അപകർഷമോ ഇത്തരം വിഭജനത്തിനു ഹേതുവായതെന്ന സംശയം നിൽക്കുമ്പോൾ തന്നെ പ്രത്യേക പരിഗണനകൾ നല്കി, വളർത്തിയെടുക്കേണ്ട പരിക്ഷീണമായ ഒരു അവസ്ഥയിൽ നിന്നാണ് ഈ ചരിത്രം ആരംഭിക്കുന്നതു എന്നതു സത്യമാണ്.

അധികാരം, സമ്പത്ത്, ചില പ്രത്യേക സാംസ്കാരിക മേഖലകൾ എന്നിവയിൽ നിന്ന് സ്ത്രീകൾ മാറി നിൽക്കുക, മാറ്റി നിർത്തപ്പെടുക എന്നീ അനുശീലനങ്ങളും, കീഴ്വഴക്കങ്ങളും

ഒരു നിഷ്ഠ പോലെ ദൃഢീകരിച്ചതാണ് ചരിത്ര ഘട്ടങ്ങൾ. ഇത്തരത്തിൽ രൂപപ്പെട്ട് ഒരു വിശേഷ വിഭാഗമായിത്തീർന്ന സ്ത്രീ സാഹിത്യത്തെ സ്ത്രീകളുടെ രചനകൾ എന്ന സാമാന്യത്തിൽ പരിചയപ്പടുന്നതിൽ അപാകതകളുണ്ട്. ചരിത്ര നിർമ്മാണം, പ്രത്യേകിച്ച് സാഹിത്യ ചരിത്രങ്ങൾ കാലാനുസാരിയും വ്യക്തികേന്ദ്രിതവുമാണ്. കേരളത്തിലെ സ്ത്രീസാഹിത്യ ചരിത്രവും ഇതിൽ നിന്നും വ്യത്യസ്തമല്ല. ദേവീസ്തവങ്ങളിൽ നിന്നും കൈക്കൊട്ടി പാട്ടുകളിൽ നിന്നും സ്ത്രീസാഹിത്യ ചരിത്രത്തെ ആരംഭിക്കുന്ന ശീലങ്ങളുണ്ട്. എന്നാൽ ഒരു കാലഘട്ടത്തെ പ്രതിനിധീകരിക്കുന്നു എന്നതിനപ്പുറം മറ്റൊന്നും അവകാശപ്പെടാനില്ലാത്ത ഇത്തരം രചനകളെ സ്ത്രീ സാഹിത്യത്തിലേയ്ക്കു ചേർത്ത് പഠിക്കുന്നതിൽ അപാകതകളുണ്ട്. പുരുഷ കേന്ദ്രിതമായ അന്തരീക്ഷത്തിൽ തമസ്കരിക്കപ്പെടുന്ന തങ്ങളുടെ ഇടങ്ങളെക്കുറിച്ച് ജാഗ്രതകളുള്ള എഴുത്തുകളെയാണ് സ്ത്രീസാഹിത്യത്തിൽ പെടുത്തേണ്ടത്. അങ്ങനെയാകുമ്പോൾ സ്ത്രീസാഹിത്യ ചരിത്രത്തിനു തന്നെ ഭേദഗതികൾ നല്കേണ്ടിവരും.

സ്ത്രീസാഹിത്യത്തിനു വ്യക്തമായ ചില കൈയ്യൊപ്പുകളുണ്ട്. ആ സർഗ്ഗാത്മകതയിൽ പ്രതിരോധത്തിൻെറ സ്വഭാവങ്ങളുണ്ടാകും. സ്ത്രീ ഉപയോഗിക്കുന്ന വാക്കും അടയാളവും അലങ്കാരവും ചിഹ് നവും എല്ലാം തന്നെ ഒരു വ്യവഹാരമണ്ഡലത്തിൽ പരിശോധിക്കുമ്പോൾ അതു പുരുഷൻ ഉപയോഗിക്കുന്നതിൽ നിന്നും വ്യത്യസ്തമല്ല. പക്ഷെ സ്ത്രീയിലേക്ക് ഈ വ്യവഹാര മണ്ഡലം ഒരു പ്രത്യേക അർത്ഥകൽപനയോടെ കടന്നു വന്ന് സ്ത്രീയുടെ സർഗ്ഗാത്മകതയെ വ്യതിരിക്തമാക്കുന്നു.

സ്ത്രീയെക്കുറിച്ച് സ്ത്രീയ്ക്കു പറയാനുള്ളതെല്ലാം അനുഭവങ്ങളാണ്. സ്ത്രീയുടെ സ്വപ്നങ്ങൾ, വ്യക്തിത്വത്തെക്കുറിച്ചുള്ള തീർപ്പുകൾ, സമൂഹം, കുടുംബം എന്നീ സ്ഥാപനങ്ങളോടുള്ള സ്ത്രീ മനോഭാവങ്ങൾ എന്നിവ ഇവയിൽ സത്യസന്ധമായി ആവിഷ്കരിക്കപ്പെടുന്നു. ഇതിനർത്ഥം സ്ത്രീയും പുരുഷനും കൈകാര്യം ചെയ്യാൻ പ്രത്യേകം വിഷയങ്ങളുണ്ടെന്നല്ല. വിഷയങ്ങളല്ല അവയോടുള്ള സമീപനങ്ങളാണ് വ്യത്യസ്തം.

സ്ത്രീയെ കേരളീയതയുമായി ബന്ധപ്പടുത്തുമ്പോൾ അടക്കം, ഒതുക്കം എന്നീ പദങ്ങളാണ് ഏറ്റവും അധികം ഉപയോഗിക്കേണ്ടി വരിക. കുടുംബത്തിനകത്തും പുറത്തും, വാക്കിലും, എഴുത്തിലും ഈ വാക്കുകൾ സൂക്ഷിച്ചു വന്ന ഒരു കാലത്തിൽ നിന്നും ജീവിതത്തിലെ ഇതര സാഹചര്യ സന്ദർഭങ്ങളിലെന്ന പോലെ, സ്ത്രീ എഴുത്തിലും പൂർവ്വസൂരികൾ അനുസരിച്ചു വന്ന പാരമ്പര്യ പാഠങ്ങൾക്ക് പാഠഭേദങ്ങളുണ്ടായി.

1920കളിലും 30കളിലും പ്രസംഗിക്കുകയും ലേഖനങ്ങളെഴുതുകയും ചെയ്തിരുന്ന മലയാളി സ്ത്രീവാദികളായ എഴുത്തുകാരികളുടെ ആദ്യ തലമുറ ഒരു തലത്തിൽ ചരിത്രങ്ങളിൽ നിന്നു അപ്രത്യക്ഷമാകുകയാണ്. 20ാം നൂറ്റാണ്ടിൻെറ ആരംഭം മുതൽ കേരളത്തിൽ വികസിച്ചു വന്ന ആധുനിക പൊതു മണ്ഡലത്തിൽ സ്ത്രീകൾ എന്നൊരു കൂട്ടായ്മയെ പ്രതിനിധാനം ചെയ്തു എന്നതാണ് ഈ കാലത്തെ എഴുത്തുകാരികളുടെ

പ്രസക്തി എന്നു ജെ.ദേവിക നിരീക്ഷിക്കുന്നുണ്ട്. സ്ത്രീകളുടെ അവകാശങ്ങളെക്കുറിച്ചും സ്ത്രീകളുടെ പൊതുസ്വഭാവങ്ങളെയും താത്പര്യങ്ങളെയും കുറിച്ചും വിദ്യാഭ്യാസം തൊഴിൽ എന്നിവയുടെ ആവശ്യകതയെക്കുറിച്ചും ഈ തലമുറ എഴുതുകയും വാദിക്കുകയും ചെയ്തിരുന്നെങ്കിലും ഈ എഴുത്തുകൾക്കെല്ലാം ചില വരേണ്യഭാവങ്ങളുണ്ടായിരുന്നു. സമൂഹത്തിലെ പൊതു ഇടത്തിലേയ്ക്കു സ്ത്രീ ഇറങ്ങി ചെല്ലേണ്ടതിൻെറ ആവശ്യകതയിൽ ഊന്നുമ്പോഴും സ്ത്രീകളുടേത് എന്ന് വിളിക്കാവുന്ന ഇടങ്ങൾ വിസ്തൃതമാക്കാനുള്ള ശ്രമങ്ങളാണ് ഈ എഴുത്തുകളിൽ ശക്തമായിരുന്നത് എന്നും കാണാം. ഇങ്ങനെ നോക്കുമ്പോൾ ചെറുത്തു നില്പ് എന്ന സ്ത്രീസ്വത്വത്തെ അവകാശപ്പെടുമ്പോൾത്തന്നെ സമൂഹനിയമ നിർമ്മിതികളുടെ അതിരുകൾ ലംഘിക്കാതിരിക്കാനും ഇവർ ശ്രദ്ധിക്കുന്നുണ്ടായിരുന്നു.

മിഷനറിപ്രവർത്തനങ്ങളും നവോത്ഥാന പ്രവർത്തനങ്ങളും ശുദ്ധീകരിച്ച വിദ്യാഭ്യാസ സാംസ്കാരിക മണ്ഡലങ്ങൾ സമൂഹത്തിലേയും സാഹിത്യത്തിലേയും സ്ത്രീപദവികളെ നിജപ്പെടുത്തുകയും ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സാഹിത്യലോകത്തിലും അത് കൃത്യമായി പ്രതിഫലിച്ചിട്ടുണ്ട്. സ്ത്രീത്വത്തിനു ഉടവുതട്ടാതെ , അതിൻെറ പിൻബലത്തിൽ പൊതുരംഗപ്രവേശം നടത്തേണ്ടിവന്നതുകൊണ്ട്, പൊതു ഇടങ്ങളിൽ സദാ സ്ത്രീത്വത്തിൻെറ അടയാളങ്ങൾ ബോധ്യപ്പെടുത്തുവാൻ മലയാളി സ്ത്രീ ബാദ്ധ്യസ്ഥയായിരുന്നു. സ്വയം സമ്പാദിച്ച് സ്വന്തം കാലിൽ നിൽക്കുമ്പോഴും വീടകങ്ങളിലെ ഉത്തരവാദിത്വങ്ങളിൽ നിന്നും മാതൃത്വം എന്ന ആദർശത്തിൽ നിന്നും വ്യതിചലിക്കാത്ത സ്ത്രീ മാതൃകകളായി ഇവർ വർത്തിച്ചു. ഇങ്ങനെ ആദ്യം മുതലേ എഴുത്തുകാരികളും എഴുത്തിൻെറ പ്രതിരോധങ്ങളെക്കുറിച്ച് ചിന്തിക്കുമ്പോൾ തന്നെ സമൂഹ മര്യാദകളോട് സമരസപ്പെട്ട് ഈ തരത്തിലൊരു ആദർശ സ്ത്രീ മാതൃകയുടെ രൂപീകരണം ഉണ്ടാക്കിയെടുത്തു.

1940 കളിലാണ് ലളിതാംബിക അന്തർജ്ജനം 'പ്രതികാര ദേവത' എഴുതുന്നത്. സമുദായവും സമൂഹവും പതിതയെന്ന് പടിയടച്ച് പിണ്ഡം വച്ച കുറിയേടത്ത് താത്രിയെന്ന അഭിസാരിക ഇതിലെ നായികയാകുന്നു; തൻെറ ന്യായവും പക്ഷവും പറയുന്നു. ലൈംഗികസ്വാതന്ത്ര്യം സ്വയം പ്രഖ്യാപിച്ച ആദ്യ സ്ത്രീനായികയെയാണ് ഈ കഥയിൽ നാം കണ്ടുമുട്ടുന്നത്. സ്ത്രീസ്വത്വത്തെ നിർവചി ക്കേണ്ടതും വ്യാഖ്യാനിക്കണ്ടതും പുരുഷനല്ല എന്ന വ്യക്തമായി ധാരണകളുള്ള അന്തർജ്ജനവും പക്ഷെ ഈ കഥയുടെ അവസാനത്തിൽ ചില ഭാഗത്ത് ചില തീർപ്പുകൾക്ക് സന്നദ്ധയാകുന്നത് കാണാം. തെറ്റിനെ തെറ്റു കൊണ്ടല്ല തിരുത്തേണ്ടത് എന്ന മൂല്യ വിചാരത്തിലാണ് കഥ അവസാനിപ്പിക്കുന്നത്. ഇങ്ങനെ സ്ത്രീ എഴുത്തിനു വേണ്ട കേരളീയ പാഠനിർമ്മിതികൾ കൃത്യമായി നിർവ്വച്ചിക്കപ്പെടുകയും എഴുത്തുകാരികൾ അത് അനുസരിച്ച്പോരികയും ചെയ്തു.

ജീവിത സാഹിത്യ പരിസരങ്ങളെ മാറി മാറി പരിഷ്കരിച്ചുകൊണ്ട് കടന്നു വന്ന കാല്പനികതയും, പുരോഗമന പ്രസ്ഥാനങ്ങളും, ആധുനികതയും സ്ത്രീ എഴുത്തുകളേയും

നവീകരിച്ചു. എങ്കിലും ഈ കാലങ്ങളിലും എഴുത്തുകാരികൾക്ക് എഴുത്തിലേയ്ക്കുള്ള പ്രവേശനത്തിനും എഴുത്തുജീവിതത്തിനും ചില മുന്നുരകളും വ്യാഖ്യാനങ്ങളും നല്കേണ്ടിവന്നു.

'എഴുതാതിരിക്കാൻ വയ്യ, ജീവിച്ചിരുന്നാൽ ഇനിയും പലരെക്കുറിച്ചും എഴുതും; അതുകൊണ്ട് ഞാൻ ഈ ലോകത്ത് നിന്നു യാത്ര പറയുന്നു.' 1965 ൽ രാജലക്ഷ്മി ആത്മഹത്യാ കുറിപ്പിലെഴുതിയ വാക്കുകൾ.

'എന്തിനെഴുതുന്നു എന്ന ചോദ്യം എന്തിനു ജീവിക്കുന്നു എന്നു ചോദിക്കുന്നതുപോലെയാണ്. ഞാൻ ജീവിക്കുന്നത് ഇനിയും എഴുതാനിരിക്കുന്ന കൃതികളെ ഓർത്തു കൊണ്ട് മാത്രമാണ്.' സ്ത്രീയുടെ സ്വത്വവും അനുഭവലോകവും പോരാളിയുടെ വീറോടെ അവതരിപ്പിച്ചു എന്ന് കെ. എസ്. രവികുമാർ പരിചയപ്പെടുത്തുന്ന കെ. സരസ്വതിയമ്മയുടെ വാക്കുകൾ.

സ്തോത്രങ്ങളെഴുതി ഒതുങ്ങിയിരുന്ന കാലത്തും അവകാശ സ്വാതന്ത്ര്യ ലേഖനങ്ങളെഴുതി പ്രസംഗിക്കുമ്പോഴും കേരളീയ സ്ത്രീമാതൃക സങ്കല്പങ്ങൾ കൃത്യമായി പാലിച്ചിരുന്ന എഴുത്തുകാരികളിൽ നിന്നു വ്യത്യസ്തമായി പാലിച്ചിരുന്ന ഇവർ സ്വന്തം കഥാപാത്രങ്ങളിലൂടെ അത്തരം ആദർശമര്യാദകളെ പ്രതിരോധിക്കാൻ ശ്രമിച്ചിരുന്നു. ആ പ്രതിരോധങ്ങളിൽ പതറിയ സമൂഹം തങ്ങളുടെ പതറിച്ചകളെ വിലക്കുകളാക്കി മാറ്റിയ ഘട്ടത്തിലാണ് ഈ എഴുത്തുകാരികൾക്ക് ഇപ്രകാരം സംസാരിക്കേണ്ടിവന്നത്. രാജലക്ഷ്മി ആത്മഹത്യയിലൂടെ എഴുത്ത് നിർത്തി. സരസ്വതി അമ്മയുടെ മരണത്തിനും അവരുടെ എഴുത്തിനും ഇടയിൽ ദീർഘമായ ഒരു മൗനകാലം ഉണ്ടാകുന്നു. ഈ എഴുത്തുകാരികളുടെ, പാഠഭേദങ്ങൾക്കായുള്ള ശ്രമങ്ങൾ അങ്ങനെ അപൂർണ്ണങ്ങളായി.

പാഠഭേദങ്ങളുടെ ശക്തമായ നിർമ്മിതി നടത്തുന്നത് മാധവിക്കുട്ടിയാണ്. എഴുത്ത് ശീലങ്ങളുടെ, പ്രസ്ഥാനങ്ങ ളുടെ ഒരു കളത്തിലും ഒതുങ്ങാതെയും വഴങ്ങാതെയും നിന്ന മാധവിക്കുട്ടി കേരളീയത എന്ന അടയാളം തുന്നിയ ഓരോന്നും - അത് ആചാര വിചാര ഭക്ഷണ വസ്ത്ര സൗന്ദര്യ ശീലങ്ങളെന്തുമാകട്ടെ- തെരഞ്ഞ് പിടിച്ചെടുക്കുകയും സ്വന്തമാക്കുകയും തുടർന്ന് അവയ്ക്കോരോന്നിനും പുതു പാഠങ്ങളും വ്യാഖ്യാനങ്ങളും നൽകുകയും ചെയ്തു. ആദ്യാവസാനം തൻെറ അക്ഷരങ്ങളിലൂടെ സ്തോഭവിക്ഷോഭങ്ങൾ സൃഷ്ടിച്ച അവർ എഴുത്തിലേയും സമൂഹത്തിലേയും കേരളീയത നിർവ്വചിച്ച സ്ത്രീ പദവികളെ ചോദ്യ ചെയ്തുകൊണ്ടിരുന്നു. അതുകൊണ്ടാണ് "ആരു ഞാൻ കുഞ്ഞേ നിന്നെ ഗഹനമാം പാരിതിൽ കാൽ വയ്പു ശീലിപ്പാൻ" എന്നു മകളെ എങ്ങനെ നടപ്പു ശീലിപ്പിക്കണം എന്നു വേവലാതി പൂണ്ടു ബാലാമണിയമ്മയുടെ മാതൃസ്വരത്തിൽ നിന്നും വേറിട്ട് ബലാത്സംഗത്തിനിരയായ മകളോട് ഡറ്റോളുപയോഗിച്ച് ശരീരം വൃത്തിയാക്കുവാൻ പറയണമെന്ന് മാധവിക്കുട്ടിക്ക് പറയാനാകുന്നത്. പ്രണയം, വിവാഹം, ഭാര്യാപദവി, കന്യകാത്വം തുടങ്ങിയവയ്ക്കു ഇങ്ങനെ മാധവിക്കുട്ടി പാഠഭേദങ്ങൾ നിർമ്മിച്ചു. ഈ

പുതുപാഠങ്ങളുടെ ഊർജ്ജമാണ് 'അഗ്നി' 'ലെസ്ബിയൻ പശു' തുടങ്ങിയുള്ള പുതു എഴുത്തുകളിൽ നിറയുന്നത്.

സാറാജോസഫിനെ പോലെയുള്ള എഴുത്തുകാരികൾക്ക് എഴുത്തിൻെറ രാഷ്ട്രീയം എന്നതു വൈയക്തിക സ്ത്രീസ്വത്വത്തിലൂന്നിയ മാധവിക്കുട്ടിയിൽ നിന്നു വ്യത്യസ്തമായിരുന്നു. ഒരു സാമൂഹ്യപരിപ്രേക്ഷ്യത്തിനകത്ത് അധികാരഘടനകളോട് കലഹിച്ചുകൊണ്ട് സ്ത്രീ സ്വത്വത്തെ പുനർനിർമ്മിക്കുവാനാണ് ഇവർ ശ്രമിക്കുന്നത്. സച്ചിദാനന്ദനെ പോലെയുള്ള സൈദ്ധാന്തികർക്ക് 'പെണ്ണെഴുത്ത്' എന്നു പ്രത്യേകം പേരിട്ട് വിളിക്കേണ്ടിവരുന്ന വിധത്തിൽ ശക്തമായി കേവല വൈകാരികതയ്ക്കപ്പുറത്ത് ആൺകോയ്മകളെ യുക്ത്യധിഷ്ഠിതമായും താത്ത്വികമായും ഇവർ ചോദ്യം ചെയ്യുന്നു. സ്ത്രീയുടെ ഉടുപ്പ്, നടപ്പ്, ഭാഷ, വിശ്വാസം, എന്നിവയിലെല്ലാം നിലനിന്നിരുന്ന എല്ലാ സ്ത്രീമലയാള പാഠങ്ങളും ഈ കാലഘട്ടത്തിൽ തിരുത്തപ്പടുന്നു. പെണ്ണഴുത്ത് എന്ന പദത്തിൻെറ അവ്യാപ്തിയും അതിവ്യാപ്തിയും ചർച്ചയ്ക്ക് വിഷയമായെങ്കിലും ഈ പദത്തിനകത്ത് നിന്നവരും ചന്ദ്രമതിയെപ്പോലെ പുറത്തുനിന്നവരും അടിസ്ഥാനപരമായി ഒരു വസ്തുതയാണ് മുന്നോട്ട് വച്ചത്. സ്ത്രീയുടെ എഴുത്ത്, ജീവിതം, സ്വത്വനിർമ്മിതി, ഔദാര്യമല്ല അവകാശമാണ്.

ഇന്നു എഴുത്തുകാരികളും പ്രതീതിയാഥാർത്ഥ്യത്തിൻെറ, സൈബർ കാലത്തിലാണ്. പ്രസാധകൻെറ ധാർഷ്ട്യത്തെ വെല്ലുവിളിച്ചുകൊണ്ട് ഈ എഴുത്ത് സജീവമാകുന്ന കാലത്തിൽ എഴുത്തുകാരികൾക്കു പാഠഭേദങ്ങളുണ്ടാക്കുന്നതിൽ ശങ്കകളേതുമില്ല. ഇന്നു സ്ത്രീയ്ക്കു സ്വന്തമായൊരു എഴുത്തുമുറി സ്വപ്നമല്ല. യാഥാർത്ഥ്യമാണ്. മനസ്സുകളുടെ വേഗങ്ങളെപ്പോലും അതിജീവിക്കുന്ന മാധ്യമ വേഗങ്ങൾ, ശരീരങ്ങളുടെ സമഗ്ര ഘടനകളെ. ദൈവികതയെ പാരമ്പര്യങ്ങള വെല്ലുവിളിക്കുന്ന സങ്കേതിക വിദ്യകൾ, തിരഞ്ഞെടുപ്പുകൾക്ക് പരമാവധി സ്വാതന്ത്ര്യവും സാധ്യതയും നൽകുന്ന ഈ സാഹചര്യത്തിൽ മലയാള എഴുത്തുകാരിക്ക് ഏതു രീതിയിലുള്ള പാഠഭേദങ്ങളാണ് നല്കേണ്ടത് എന്നാണ് ഇന്നത്തെ എഴുത്തുകാരിയുടെ മുന്നിലുള്ളത്. ആഗോളവത്കരണവും, ഉദാരവത്കരണവും, തുറന്ന വിപണികളും സമൂഹത്തിനു നൽകിയിരിക്കുന്ന ഒരു ജനാധിപത്യ തുറസ്സ് സ്ത്രീ എഴുത്തിലും സാധ്യമാക്കിയിട്ടുണ്ട്. ആ തുറസ്സിലെ ഒരു സ്വയം പ്രത്യക്ഷപ്പെടലാണ് ഇന്നത്തെ സ്ത്രീ എഴുത്ത്. പരിസ്ഥിതി, ഭക്ഷ്യ സുരക്ഷ, ആഗോള താപനം, യുദ്ധം, എന്നിങ്ങനെയുള്ള പൊതുപ്രശ്നങ്ങളിലേയ്ക്ക് സ്ത്രീ എഴുത്തുകാരികൾ സ്വയം വികസിച്ചു. സംസ്കാരത്തിൻെറ ഓരോ ഘടകങ്ങളിലേയും പ്രാദേശികതയെ തമസ്കരിച്ച് വിശ്വമാനവ സങ്കൽപം ആഗോളവത്കരണത്തിലൂടെ രൂപപ്പെട്ടതുപോലെയുള്ള ഒരു പരിണാമം ഈ സ്ത്രീ എഴുത്തുകളിലും വരുന്നു. ഒരു പൊതു എഴുത്തിൻെറ ഭൂമികയിലാണ് ഇന്നു ഓരോ എഴുത്തുകാരിയും തിരിച്ചറിയപ്പെടുന്നത്. എഴുത്തുകാരി എന്ന നിലയിലെ പ്രാദേശിക അടയാളങ്ങൾ മാത്രമല്ല എഴുത്തുകാരൻ/എഴുത്തുകാരി എന്ന ലിംഗ പരിഗണകളുടെ അതിർവരമ്പുകളും മായുന്നതാണ് കാണാൻ കഴിയുക. വർഗ്ഗം, ദാരിദ്ര്യം, ലൈംഗിക പ്രാതിനിധ്യം, മൂന്നാം ലോക അധിനിവേശങ്ങൾ, മതം, യുദ്ധം, ഭീഷണ സംസ്കാരങ്ങൾ,

ജനുസ്സുകൾ, ആഗോള പരിസ്ഥിതി എന്നീ വിഷയങ്ങൾ ചർച്ച ചെയ്യുന്ന പാരിസ്ഥിതിക സ്ത്രീവാദ സിദ്ധാന്തവും താത്ത്വികമായി ഈ എഴുത്തുകൾക്ക് പ്രത്യക്ഷമായോ പരോക്ഷമായോ ഉണർച്ചയും ദിശാബോധവും നല്കിയിട്ടുണ്ട്.

ഇങ്ങനെ ഈറൻ മുടി, തുളസിക്കതിർ, കൈതപ്പൂമണമുള്ള പുളിയിലക്കര നേര്യത് എന്നീ അടയാളങ്ങളിൽ നിന്നു എങ്ങനെ ഇന്നത്തെ മലയാളി പുറത്തുകിടക്കുന്നുവോ, അത് പോലെ തന്നെ സാഹിത്യത്തിലും സാമൂഹ്യപരിഷ്കരണം സാധ്യമായ കാലത്തുപോലും വിലങ്ങുകളായിരുന്നു പുരുഷാധിപത്യ നിലപാടുകളിൽ നിന്നും തീർപ്പുകളിൽ നിന്നും വിമുക്തമായി മലയാള എഴുത്തുകാരികളും എഴുത്തും ഈ കാലഘട്ടത്തിൻെറ കൈയ്യൊപ്പുകളുള്ള മറ്റേതൊരു എഴുത്തിനോടും സംവദിക്കാവുന്ന ഒരു സർഗ്ഗാത്മക തലത്തിലേയ്ക്ക് സ്വയം വിന്യസിച്ചിരിക്കുന്നു.

**ഡോ. ഹേമമാലിനി (1984–1986)**

## MOTHER

I walked all these weary miles
Alone, all alone
Unmindful of the pricking thorns
And the forking scorn
Only to wipe the tear
Lingering in that vibrant eye
But she had left
In haste, and with not a word;
Unable to stand the stress
And the strain?

Now as I stand
Staring into the emptiness,
A scroll of what was unrolls itself;
The pain, the agony
And the silent sighs
Of an enduring heart.

What imminent danger lay in wait?
Not illness nor age
No malignant malady,
Perhaps a hard word

From one of her kins
Wrought havoc in her mind,
A heart that knew only to feel
And feel deeply for others
Was thus stilled.

**Dr. Parvathy Warrier (1983-88)**

**Aluminae donated Rs 20000./- for installation of Singnage**

**അപ്പൂപ്പൻ താടി**

തുറന്നിട്ട ജനലിലൂടെ അയാൾ ദൂരെ ആകാശത്തേയ്ക്ക് നോക്കി. മലകൾക്കിടയിലൂടെ ഉദിച്ചുയർന്ന പ്രഭാതസൂര്യൻെറ വെളിച്ചം കണ്ണുകളിൽ തറച്ചു. സൂര്യപ്രകാശത്തിൽ അന്തരീക്ഷത്തിലെ ധൂളിപടലങ്ങൾ തലേന്ന് തിമിർത്ത് പെയ്ത മഴയുടെ ഈർപ്പം ബാക്കി നിൽക്കുന്നു. വീടിൻെറ മട്ടുപ്പാവിലേയ്ക്ക് മുട്ടി നിൽ ക്കുന്ന തെങ്ങിൻെറ ഓലകളിലൂടെ ഓടിക്കളിക്കുന്ന അണ്ണാരക്കണ്ണ?ാർ. പുളിമരത്തിൻെറ കൊമ്പുകളിൽ എവിടെയോ ഒരു പക്ഷിക്കൂടുണ്ട്. പറക്കമുറ്റാത്ത പക്ഷിക്കുഞ്ഞുങ്ങളുടെ ക്യോം ക്യോം ശബ്ദം. പൂന്തോട്ടത്തിൽ നാനാ വർണ്ണ പുഷ്പങ്ങളിലെ തേൻ നുകരാൻ എത്തിയിരിക്കുന്നു മനോഹരമായ ഒരു ചിത്രശലഭം. വാഴയിലകളിൽ മഴത്തുള്ളിയുടെ കണങ്ങൾ. വാഴക്കൂമ്പിൽ നിന്നും തേൻ നുകരാൻ എത്തിയിരിക്കുന്നു ഒരു മഞ്ഞക്കിളി. ധൂളിപടലങ്ങൾ ജനാലയുടെ അഴികൾക്കിടയിലൂടെ മുറിക്കുള്ളിലേയ്ക്ക് അരിച്ചിറങ്ങുന്നു. കറിവേപ്പിൻ ചെടിയുടെ ഇലകളിൽ പൂമ്പാറ്റയുടെയോ പുൽ ച്ചാടിയുടെയോ എന്ന് അറിയാൻ കഴിയാത്ത പ്യൂപ്പ പച്ചയിലകളെ കാർന്ന് തിന്നുന്നുണ്ട്.

പറന്നു നടക്കുന്ന അപ്പൂപ്പൻ താടികൾ. അയാൾ കൈ ജനലിലൂടെ നീട്ടി അവയിൽ ഒന്നിനെ പിടിക്കാൻ നോക്കി. പിടി വിട്ടു അവ ഒന്നൊന്നായ് അകന്നകന്ന് പോയി. കുട്ടിക്കാലത്ത് തൊടി നിറയെ അപ്പൂപ്പൻ താടികൾ പറന്നു നടക്കുമ്പോൾ അവയുട പുറകെ ഓടി ഓടി തളരാറുണ്ട്..ഒന്നു പോലും കൈ കുമ്പിളിൽ ഒതുങ്ങാറില്ല. അപ്പൂപ്പൻ താടികൾ മനസ്സിൽ ഭീകരരൂപം പൂണ്ട് ഉറക്കം നഷ്ടപ്പെടുത്താറുണ്ട്. ഒരു ചെടിയുടെ പൊട്ടിത്തെറിക്കുന്ന വിത്താണ് എന്നറിഞ്ഞത് സ്കൂൾ വഴി. അപ്പൂപ്പൻ താടി പോലെ നരച്ച ഒരു താടിയുനായി ഒരു കാരണവർ ഉണ്ടായിരുന്നു. തറവാട്ടിൽ സ്നേഹവാൻ, കരുണാമയൻ, ദാനശീലൻ. അപ്പൂപ്പൻ താടി കണ്ടാൽ ആ മുത്തശ്ശനെ ഓർമ്മ വരും.

അപ്പൂപ്പൻ താടി പോലെ മൃദുലമായ മനസ്സ്. പിടി കൊടുക്കാതെ ദൂരേയ്ക്ക് അകന്നകന്ന് പോയ്. കടലുകൾക്ക് മുകളിലൂടെ ആകാശത്തിന് മുകളിലൂടെ അങ്ങ് കാണാമറയത്തേയ്ക്ക്...... പറന്ന് പറന്ന്..... പോയ്..... ദൂരേയ്ക്ക്..... ദൂരെദൂരേക്ക്.....

**കൃഷ്ണ കെ. യതി (2002–2005)**



Smt. Omana P.P. (1989--1991) was selected as the only official from Kerala for the Pro Kabbadi Championship 2014.



Winner of Reverie cover designing competition-1st prize Jwala P Prem (III Botany)

- **Microbiology Association activites of 2013-2014 was inaugrated by Dr. Sheela Karalam (Alumae: 1977-79), Special Officer, Oushadhi, Thrisur.**
- **Alumnae of 2013-14 (ASAP winners) motivated their juniors by sharing their experience and gave tips for attending interview**



Gem of St. Mary's Contest Winners: Alisha Valsan ( Botany Dept), Ist Runner up: Anju Joseph (BCA Dept), IInd Runner Up: Manju Joshi(Chemistry Dept) along with the Principal and Aluminae

**MY THOUGHTS**

Whispering in my mind,
Spreading like an ocean,
Making up and down movements like waves,
My thoughts always remain in my mind..
My thoughts are like a palace,
Remaining safe and secure ,
As trespassers aren't allowed to enter in to the palace
I never allow unwanted thoughts to enter into my palace of thoughts.

Entering into a world of Refreshing Thoughts
Swallowing the evils,
Amongst My thoughts,
Rejoicing each and every moment of My thoughts,
Identifying My thoughts aren't just illusions,
The Bone and Marrow of my thoughts
Are My Imaginations, and just mental integrations
Of vivid and gigantic thoughts...

When I am sitting alone in my lawns,
Watching nature's precious gifts,
When loneliness alone haunts my Mind,
When my mind shuffles like the waves of a sea
I used to spread My thoughts into the deserts of thoughtlessness,
Where I can find an Oasis,
From where I receive the provocations
To lead forward, and make up my mind
By creating some valuable moments
IN MY THOUGHTS........
**Krishna K Yathi (2002-2005)**







Aswathy K G Aparna Mohan K P Ancy Peter

**Congratulations for the academic success**

- Aswathy K G ,2008-2011 (Botany) has secured II Rank in MSc Botany (2013) at St. Thomas college, Thrissur
- Aparna Mohan K P ,2009-2012 (Botany) has secured V Rank in MSc Botany (2014) at St. Thomas college, Thrissur
- Ancy Peter, 2009-2012 (Botany) has secured VIII Rank in MSc Botany (2014) at St. Thomas college, Thrissur

## Alumnae in promotion of roof top garden

Alumnae of the Microbiology department actively participated in setting up of an ornamental garden – "Niravu" (Roof top garden) in the terrace of the department building, in connection with World Environment day.



Annual alumae meeting on 26th January, 2014

**കേരളം നടക്കുന്നത് പിന്നോട്ടോ?**

നാടുവാഴിത്ത, ജാതിമേധാവിത്വ, ഫ്യൂഡൽ കാലഘട്ടത്തിലുണ്ടായിരുന്ന സാമൂഹികഘടനയ്ക്കെതിരെ പോരാടിയ പ്രസ്ഥാനങ്ങൾ കേരളത്തിൽ സാമൂഹികവും സാംസ്കാരികവുമായ മാറ്റങ്ങൾക്കും വളർച്ചയ്ക്കും കാരണമായിട്ടുണ്ട്. ശ്രീ.നാരായണഗുരു, ചട്ടമ്പിസ്വാമികൾ, വി.ടി. ഭട്ടതിരിപ്പാട്, സഹോദരൻ അയ്യപ്പൻ, കേളപ്പജി, അയ്യങ്കാളി തുടങ്ങിയവരുടെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾ മാറ്റത്തിന് കാരണമായി. ജാതിയുടെ

പേരിൽ അകറ്റി നിർത്തിയവരേയും സ്ത്രീകളേയും ആദരിയ്ക്കുന്ന നിലയിലേയ്ക്ക് ആ സംസ്കാരം വളർന്നു. അടുക്കളയിൽ നിന്നും അരങ്ങത്തയ്ക്ക് വന്ന സ്ത്രീകൾ വിദ്യാഭ്യാസരഗത്തും മറ്റു മേഖലകളിലും ഉയർന്ന നിലകളിൽ ആണുങ്ങളോടൊപ്പം തന്നെ പ്രവർത്തിക്കാൻ തുടങ്ങി.

എന്നാൽ അടുത്ത കാലത്തായി ഈ സംസ്കാരികാവബോധത്തിന് മങ്ങലേറ്റിരിയ്ക്കുന്നു. സത്യം, ധർമ്മം, നീതി, ദയ തുടങ്ങിയ മൂല്യങ്ങൾ ഇല്ലാതായിക്കൊണ്ടിരിക്കുന്നു. ഒരുവശത്ത് സ്ത്രീകൾക്ക് നേരെയുള്ള അക്രമങ്ങൾ വർദ്ധിച്ചു വരുമ്പോൾ മറുവശത്ത് കുടുംബബന്ധങ്ങൾ ഇല്ലാതായിക്കൊണ്ടിരിക്കുന്നു. സ്ത്രീകൾക്കും, കുട്ടികൾക്കും നേരെയുള്ള പീഡനങ്ങളിൽ കേരളം മുന്നിലാണ്. (സാക്ഷരതയിലും കേരളം മുൻപിലാണല്ലോ). വിവാഹമോചനം ഒരുവിഷയമേ അല്ലാതായിരിക്കുന്നു. ആഡംബരപൂർണ്ണമായ വിവാഹാഘോഷങ്ങൾ പോലെ തന്നെ ഒരു വിവാഹമോചനാഘോഷവും വിദൂരമല്ല. പരിചരണവും ശുശ്രൂഷയും ആവശ്യമുള്ള പ്രായംചെന്ന മാതാപിതാക്കളെ ഒന്നുകിൽ വൃദ്ധസദനത്തിലാക്കുകയോ അല്ലെങ്കിൽ ഹോംനേഴ്സിനെ ഏൽപ്പിക്കുകയോ അതുമല്ലെങ്കിൽ ഉപേക്ഷിക്കുകയോ ചെയ്യുന്നതോടെ മക്കളുടെ കടമ അവസാനിക്കുന്നുവെന്ന നിലയിലേക്ക് നമ്മൾ വളർന്നിരിക്കുന്നു. ദിനം തോറും വളരുന്ന വൃദ്ധസദനങ്ങളും അനാഥാലയങ്ങളും ഇത് ഉറപ്പു വരുത്തുന്നു.

“ഒരു രാജ്യത്തിൻെറ ആത്മാവ് അവിടത്തെ ഗ്രാമങ്ങളിലാണെന്ന്” ഗാന്ധിജി പറഞ്ഞിട്ടുണ്ട്. ഗ്രാമീണസംസ്കാരം കാർഷികവൃത്തിയുമായി ബന്ധപ്പെട്ടായിരുന്നു പ്രധാനമായും നില നിന്നരുന്നത്. വൈവിധ്യമാർന്ന ആചാരാനുഷ്ഠാനങ്ങളും ആഘോഷങ്ങളും ആഹാരരീതികളും ഇതുമായി ബന്ധപ്പെട്ട് കിടന്നിരുന്നു. എന്നാൽ ഇന്ന് വയലുകളും കാവുകളും മരങ്ങളും ചെടികളും അപ്രത്യക്ഷമായി കഴിഞ്ഞിരിക്കുന്നു. അവിടെ ആഡംബരചുംബികളായ കെട്ടിടങ്ങൾ ഉയർന്നിരിക്കുന്നു. ഗ്രാമങ്ങൾ പട്ടണങ്ങളായി മാറിയിരിക്കുന്നു. കാർഷികവൃത്തിയിൽ വന്ന അപചയം സംസ്കാരത്തിലും വന്നിരിക്കുന്നു.

ഇലക്ട്രോണിക് സംസ്കാരം ഇന്നത്തെ തലമുറയെ വളരെ സ്വാധീനിച്ചിരിക്കുന്നു. ദൈനംദിന ജീവിതത്തിൽ മൊബൈലും ഇൻറർനെറ്റും ഒരു ഭാഗമായിക്കഴിഞ്ഞു. അത് മനുഷ്യൻെറ അവശ്യസൗകര്യങ്ങളും സുഹൃദ്ബന്ധങ്ങളും വർദ്ധിപ്പിച്ചതോടൊപ്പം തന്നെ അതിൻെറ ദുരുപയോഗം ബന്ധങ്ങളുടെയും ജീവിതത്തിൻെറയും ഊഷ്മളത കെടുത്തിയിരിക്കുന്നു. മനസ്സിനും ബുദ്ധിക്കും പ്രാധാന്യമില്ലാത്ത ഒരു തരം യാന്ത്രികജീവിതം ഇന്നത്തെ ഉപഭോഗസംസ്കാരത്തിൻെറ കൂടി ഭാഗമാണ്. തനതായ സംഗീതം, വാദ്യങ്ങൾ എന്നിവ ആസ്വദിക്കാനുള്ള കാതുകളും തനതായ നൃത്തങ്ങൾ ആസ്വദിക്കാനുള്ള കണ്ണുകളും, കഥ, കവിത, സിനിമ എന്നിവയിലെ നല്ല ഭാഗങ്ങൾ ആസ്വദിക്കാനുള്ള മനസ്സും, ബുദ്ധിശക്തിയും നഷ്ടപ്പെട്ട ഒരു തലമുറയാണ് ഇന്നുള്ളത്. ടി.വി. ചാനലുകൾ കുട്ടികളേയും, യുവജനങ്ങളേയുംസ്വാധീനിക്കുമ്പോൾ നമ്മളറിയാതെ തന്നെ നമ്മുടെ സാംസ്കാരികാവബോധമാണ് നഷ്ടപ്പെടുന്നത്. ഇന്നത്തെ മലയാള ചാനലുകളിൽവരുന്ന റിയാലിറ്റിഷോകളും മറ്റു ചാനൽ പരിപാടികളും ഇതിന് അടിവരയിടുന്നു.

ഉപഭോഗസംസ്കാരം വളർത്തുന്നതിൽ പരസ്യങ്ങൾക്ക് പ്രധാന പങ്കാണുള്ളത്. ഏതൊരു പരസ്യത്തിലും (മറ്റു പരിപാടികളിലും) പ്രാമുഖ്യം സ്ത്രീ ശരീര പ്രദർശനങ്ങൾക്കാണ്. മാറുമറയ്ക്കൽ സമരം നടന്ന കേരളത്തിലാണ് ഈ സ്ഥിതിയെന്നോർക്കണം. സ്ത്രീകൾ നേടിയെടുത്ത അവകാശങ്ങൾ (വിദ്യാഭ്യാസമുൾപ്പെടെ) ഈ സംസ്കാരത്തിനു വേണ്ടിയായിരുന്നോ?

ആഗോളവൽക്കരണം ജീവിതരീതിയിലും മാറ്റങ്ങൾ വരുത്തിയിരിക്കുന്നു.മദ്യം, മയക്കുമരുന്ന്, റിയൽഎസ്റ്റേറ്റ്, ചൂതാട്ടം (ലോട്ടറിയുൾപ്പടെ ) എന്നിവ വഴി ഒരു വിഭാഗം പണവുമായി വളരുമ്പോൾ, മറുവശത്ത് മദ്യം, മയക്കുമരുന്ന്, ഇവയ്ക്കടിമപ്പെട്ട ഒരു വിഭാഗത്തിൻെറ കുടുംബ ജീവിതം നരകതുല്യമാകുന്നു. കേരളീയർക്ക് സന്തോഷിക്കാനും ദു:ഖിക്കാനും മദ്യം വേണമെന്നായിരിക്കുന്നു. കേരളത്തിൽ അടുത്ത കാലത്തായി വർദ്ധിച്ചു കൊണ്ടിരിക്കുന്ന ആരാധനാലയങ്ങളിലെ തിരക്കും ആൾദൈവങ്ങളുടെ ഉയർച്ചയും, ബ്ലേഡ്–മാഫിയാ വളർച്ചകളും ഇതുവഴി ബന്ധപ്പെടുത്തേണ്ടതുണ്ട്. അതുപോലെതന്നെ ദുർമന്ത്രവാദമരണങ്ങളും കൂട്ടത്തോടെയുള്ള കുടുബ ആത്മഹത്യകളും വർദ്ധിക്കുന്നതെന്തേ?

മലയാളികളുടെ ആസ്വാദനശേഷി വളരെ മാറിയിരിക്കുന്നു. മലയാളി മലയാളത്തെ മറന്നിരിക്കുന്നു. മലയാളം സംസാരിക്കുന്നതും മലയാള പുസ്തകങ്ങൾ വായിക്കുന്നതും മോശമാണെന്ന ചിന്താഗതി വന്നിരിക്കുന്നു. മലയാളത്തിനു ലഭിച്ചിരിക്കുന്ന ശ്രേഷ്ഠ ഭാഷാപദവിയും മലയാളം സർവ്വകലാശാല രൂപീകരണവും അതിൽ നിന്നുള്ള ഒരു തിരിച്ചുപോക്കിനുള്ള ഒരു ഉദ്യമമായി കണക്കാക്കാം. തനതു സംസ്കാരം തിരിച്ചു പിടിക്കാനുള്ള ഒരു ചെറിയ തുടക്കം.

കേരളത്തിലെ ജനങ്ങൾക്ക് പ്രതികരണശേഷി നഷ്ടപ്പെട്ടിരിക്കുന്നു. അനീതികൾക്കെതിരെ ശക്തമായ സാഹിത്യ രചനകളാൽ പോരാടിയിരുന്ന എഴുത്തുകാരുടെ തലമുറ ഇല്ലാതായിരിക്കുന്നു. ഈ അപചയത്തിൻെറ ഭാഗമാണ് സദാചാരഗുണ്ടകൾ. സ്ത്രീപീഡനത്തിനെതിരെയോ മറ്റ് അനീതികൾക്കെതിരെയോ ഇവരുടെ ഇടപെടൽ എത്രത്തോളമുണ്ടെന്നതിൽ നിന്നും നമുക്ക് ഇവരുടെ ഉദ്ദേശശുദ്ധി മനസ്സിലാക്കാവുന്നതേയുള്ളൂ.

മനുഷ്യൻ കൈവരിച്ച നേട്ടങ്ങളെല്ലാം പ്രധാനമായും ഉപഭോഗസംസ്കാരം വളർത്താനാണ് ഉപയോഗിച്ചിട്ടുള്ളത്. ഇന്നത്തെ കേരളത്തെ സാസ്കാരിക തകർച്ചയിൽ നിന്ന് രക്ഷിക്കാൻ വീണ്ടും നവോത്ഥാന നായകർ ഉണ്ടാകുമെന്നും അവരിൽ കൂടി പുതിയൊരു പ്രസ്ഥാനം ഉണ്ടാകുമെന്നും പ്രത്യാശിക്കാം.

**മിനി ടി. (1988)**



Talk on Family farming and importance of medicinal plants by Smt Soja k K  at Thanal

## Alumnae Lecture Series 2014-15

The Department of Economics organized Alumnae Lecture Series in the academic year 2014-15. Dr. Thushara George, Assistant Professor , Dept. of Economics, St. Teresa's College, Ernakulum delivered a talk on Financial Instruments – Money and Banking –Derivatives on 19-11-2014. Ms. Dhanya Shankar and Ms Amrutha K Dharman  also provided the class for our students as a part of Alumnae Lecture Series.



Talk by Dr. Thushara George, Assistant Professor, Dept. of Economics, St. Teresa's College, Ernakulum.

**Placements**

- Vandana AB(2010-2012)
  Asst.Professor in History , St.Mary's College, Thrissur.
- Smina MB(2003-2005)
  Asst.Professor in Sacred Heart College, Chalakudy

TCS Placement as Software Programmers. (2011-2014)
Aswathy PS

Aswathi KG
Desmi CD
Freny PF
Juhy Mathai
Jeethu Sunny
Swathykrishna V Menon

Wipro Placement (2010-2013)
Swathykrishna MB

Heera CA (2011-2014)(Post Woman, Nandikkara Post Office)

Nisha N (2011-2013) (Microbiologist, Double Horse Rice, Kottekad)
Simi Thomas (2011-2013) (Microbiologist, Rajah Hospital, Guruvayoor)
Nisby Babu (2011-2014)(Microbiologist, Water Authority , Thrissur)



Inauguration of Medical Camp on 9th November, 2014 by Smt. Carolin Joshwa, Corporation Councilor at Chiyyaram St. Mary's U P School.

**Congratulations**



**Dr. Krishna K Yathi** ( 2002- 2005) for achieving Doctorate in Biotechnology from Anna University in the Faculty of Science and Humanities on the topic: "Molecular and Immunological characterization of E1 Coat Protein gene of Chikungunya Virus (CHIKV)". It is a great honour for all St Marian's that she has also got two patents for her work on Chikungunya.



**Dr. Regi P Mathew** for achieving doctoral degree in Education on the topic *Developing an Inter-Desciplinary Synthetic Modal for Teaching Population Education at the Secondary School Level at* M G University, Kottayam



**Dr. Devi P V** Polymer Chemistry (2001-04) for achieving doctorate on the topic Studies on the Low Temperature Prevulcanisation of natural rubber latex at M G University, Kottayam



**Mrs Soni T L (1991-1996)**

- Winner of Indira Gandhi NSS National Award for best Programme Officer 2013-2014,
- State Govt Award for best NSS Programme Officer 2013-14,
- Calicut University Award for best Programme Officer 2013-14.

**Dr. Smitha John K** (1994-1996 )has got Phd in Forestry on the topic Impact of organic matter management strategies on sequestration of soil carbon and productivity of teak plantations on ultisols in Kerala on the 6th day of March in the year , 2014

**Mrs. Rini George** (1995-1997) for achieving star employee award from HDMS (Health Data Management Solutions) for loyal dedication and commitment

**ഈ നിമിഷം മാത്രം**

I cannot predict the future
I cannot change the past
I have just the present moment
I must treat it as my last

എത്ര മനോഹരങ്ങളായ, അർത്ഥവത്തായ അതേ സമയം ചിന്തിപ്പിക്കുന്നതമായ വാക്കുകളാണിവ. ഈ വാക്കുകൾ ആരുടേതുമായിക്കോള്ളട്ടെ, ഇതല്ലേ സത്യം. നാമോരുത്തരും നാളേക്കു വേണ്ടി ജീവിക്കുന്നവരാണ്. ഭാവിയെ കരുപിടിപ്പിക്കാനാണ്

നമ്മുടെ ശ്രമങ്ങളെല്ലാം. നല്ലൊരു നാളേക്കു വേണ്ടി നാം നമ്മുടെ ഇന്നിനെ ഉപയോഗിക്കുന്നു. ഇതിനിടയിൽ ഒരു ചോദ്യം, "നാളെ ഞാൻ ഉണ്ടാകുമോ"? അടുത്ത നിമിഷം ഞാനുണ്ടാകുമോ എന്ന കാര്യത്തിൽ പോലും നമുക്കുറപ്പില്ല.പിന്നെന്തിനാണ് നാം നമ്മുടെ ഇന്നിനെ നാളേക്കുവേണ്ടി വ്യർത്ഥമാക്കുന്നത്? ഈ ചോദ്യത്തിലാണ് മുകളിൽ കൊടുത്തിരിക്കുന്ന വാക്കുകളുടെ പ്രസക്തി വെളിപ്പെടുന്നത്.

നമുക്ക് നമ്മുടെ ഭാവി പ്രവചിക്കാനാകില്ല. നമ്മുടെ ഭൂതകാലത്തെ മാറ്റാനുമാകില്ല. നമുക്ക് നമ്മുടേതായുള്ളത് ഈയൊരു നിമിഷം മാത്രമാണ്. അതെൻെറ അവസാന നിമിഷമായി കരുതുന്നു. ഈയൊരു നിമിഷത്തിൽ മാത്രമേ എനിക്ക് എന്തെങ്കിലും ചെയ്യാനാകൂ. അടുത്ത നിമിഷം എനിക്ക് എന്ത് സംഭവിക്കുമെന്ന് എനിക്കറിയില്ല. ഇതെല്ലാം എഴുതുമ്പോൾ ഞാൻ ചിന്തിക്കുന്നത് ഞാൻ എങ്ങനെയാണ് ജീവിക്കുന്നത് എന്നാണ്. ഈയടുത്ത കാലം വരെ അതായത്, ഏതാനും ദിവസങ്ങൾക്കു മുൻപു വരെ ഞാൻ ഭൂതകാലത്തിലും ഭാവികാലത്തുമാണ് ജീവിച്ചിരുന്നത്. എനിക്ക് എന്തൊക്കെ ചെയ്യാമായിരുന്നു എന്നോർത്ത് ദുഖിക്കുകയും നാളെ എനിക്കെന്തൊക്കെ ചെയ്യാം, ചെയ്യണം എന്ന് ആലോചിച്ച് വ്യാകുലപ്പെടുകയും ആകാംക്ഷ കൊള്ളുകയുമായിരുന്നു. പക്ഷെ ഈയിടെ നടന്ന ചില സംഭവങ്ങൾ എനിക്ക് ഞാൻ ജീവിച്ച, ജീവിക്കുന്ന ഓരോ നിമിഷത്തിൻെറയും മൂല്യം മനസ്സിലാക്കി തന്നു. അപ്പോൾ തന്നെ ഞാൻ ഒരു കാര്യം ഉറപ്പിച്ചു. എൻെറ ജീവിതത്തിൽ ഇനി ഒരിക്കലും ഇന്നലെകൾക്കും നാളെകൾക്കും സ്ഥാനമുണ്ടാവുകയില്ല. ഇന്ന് ഈ നിമിഷത്തിൽ ഞാനാഗ്രഹിക്കുന്നതുപോലെ ഞാൻ ജീവിക്കും. ഈ നിമിഷം എനിക്ക് ചെയ്തു തീർക്കാൻ സാധിക്കുന്നതെന്ത്? അതു ഞാൻ ചെയ്യും. കാരണം ഈ നിമിഷം മാത്രമാണ് യാഥാർത്ഥ്യമായത്. മറിച്ചാണെങ്കിൽ നിങ്ങൾ ജീവിക്കുന്നത് ഒരു മായാലോകത്താണെന്ന് നിങ്ങൾക്കുറപ്പിക്കാം. ഇന്നലെകളെക്കുറിച്ചോ, നാളെയെക്കുറിച്ചോ വ്യാകുലപ്പെടാതെ, വേവലാതിപ്പെടാതെ ഇന്നിൽ ജീവിക്കുമ്പോൾ നാം ഇന്നിനെ കീഴ്പ്പെടുത്തുന്നു. അതിലൂടെ നമ്മുടെ വിധിയെ നാം തന്നെ രചിക്കുന്നു.

എൻെറ ഒരു അദ്ധ്യാപിക എന്നെ പഠിപ്പിച്ച ഒരു വാചകമുണ്ട്. Every Man Dies, No Every Man Realy Lives. നാമെല്ലാവരും ജീവിക്കുന്നു. ജീവിക്കാൻ വേണ്ടി മാത്രം. ജീവിതം ആസ്വദിച്ചുകൊണ്ട് എത്ര പേർ ജീവിക്കുന്നു.? വിരലിലെണ്ണാവുന്നവർ മാത്രമായിരിക്കും ജീവിതം ആസ്വദിച്ചു, ആഘോഷമായി ജീവിക്കുന്നത്. നാമെല്ലാം വരാനിരിക്കുന്ന, പ്രതീക്ഷകളുടെ പിൻബലത്തിൽ ജീവിതം ആസ്വദിച്ചു തീർക്കുന്നു. പക്ഷെ നാമെന്തിനാണ് കാത്തിരിക്കുന്നത്? നമ്മുടെ ജീവിതത്തിൽ എല്ലാം വളരെ ശുഭകരമായി, എല്ലാ സൗകരങ്ങളും വന്നു ചേർന്നതിനു ശേഷം ജീവിതം ആസ്വദിച്ചു തുടങ്ങാമെന്നു കരുതിയാണോ? ആ നിമിഷം എപ്പോൾ വരും എന്നു പറയാൻ നമുക്കാകുമോ? ഒരു പക്ഷേ, നമുക്ക് ഇന്നുള്ള സൗകര്യങ്ങൾ നാളെയുണ്ടാകണമെന്നില്ല. അതിനർത്ഥം ഇന്നു തന്നെ നാം നമ്മുടെ ജീവിതം ആസ്വദിച്ചുതുടങ്ങണമെന്നല്ലേ?. എന്തിനാണ് നിങ്ങളെല്ലാവരും

കാത്തിരിക്കുന്നത്? ജീവിതം ആസ്വദിക്കാനുള്ളതാണ്. അതിന്റെ ഓരോ നിമിഷവും ആസ്വദിക്കൂ കാരണം, കാരണം ഇതാ ഈ നിമിഷം മാത്രമേ നമുക്ക് നമ്മുടേതായുള്ളൂ. കുറെ കാലം കഴിഞ്ഞ് ഏതെങ്കിലും ഒരാശുപത്രികിടക്കയിൽ കിടക്കുമ്പോൾ നമുക്ക് ഈ ജീവിത്തിൽ ഞാനൊന്നും എനിക്കു വേണ്ടി ചെയ്തില്ലല്ലോ എന്ന നിരാശ ഒരിക്കലും തോന്നരുത്. 'ബാംഗ്ലൂർ ഡെയ്സ്' എന്ന സിനിമയിലെ കുട്ടന്റെ അച്ഛനായി അഭിനയിച്ച വിജയരാഘവൻ മകന് അയച്ച എഴുത്തിൽ പറയുന്നുണ്ട്. "ദാ, ഈ നിമിഷം മാത്രമേ നമുക്ക് സ്വന്തമായുള്ളൂ. എനിക്ക് അത് മനസ്സിലാക്കാൻ കുറെ കാലം വേണ്ടി വന്നു". അദ്ദേഹത്തിന്റെ ജീവിതത്തിന്റെ സിംഹഭാഗവും എങ്ങനെയൊക്കെയോ ജീവിച്ചു തീർന്നതിനു ശേഷമാണ് അദ്ദേഹത്തിന് ഈ സത്യം മനസ്സിലാക്കൻ കഴിഞ്ഞത്. പക്ഷെ നാം ഒരു കാര്യം ഓർമ്മിക്കണം. കഴിഞ്ഞകാലങ്ങളൊന്നും തിരിച്ചുപിടിക്കാൻ നമുക്കാവില്ല. So just live this moment as it is my last.

**വന്ദന എ.ബി. (2010–2012)**

**ചെറുതെങ്കിലും സുന്ദരം**

ഈ അടുത്തകാലത്ത് കൂടെക്കൂടെ കേൾക്കുന്ന ഒരു വാക്കാണ് സ്മാർട്ട്' എന്നത്. സ്മാർട്ട് ഫോൺ, സ്മാർട്ട് കാർ, സ്മാർട്ട് കിച്ചൻ, സ്മാർട്ട് ക്ലാസ്സ്റൂം എന്നു വേണ്ട അൽഷിമേഴ്സ് രോഗികൾക്ക് ആശ്വാസമേകാൻ സ്മാർട്ട് സ്പൂൺ വരെ പ്രചാരത്തിലെത്തി. മേൽ പറഞ്ഞ പലതും ഇറങ്ങുന്നതിനു മുൻപു തന്നെ ഞങ്ങൾ സ്മാർട്ട് ആയി. ഞങ്ങളെന്നു പറഞ്ഞാൽ, St. Mary's College Association of Retired Teachers – "SMART" അംഗങ്ങൾ. ഈ "SMART" ഈയിടെ ഒരു ഏകദിന ഉല്ലാസയാത്ര നടത്തി. ഏറെ ദൂരത്തേലേയ്ക്കോ സുപ്രസിദ്ധമായ ഏതെങ്കിലും വിനോദസഞ്ചാര കേന്ദ്രത്തിലേയ്ക്കോ ഒന്നുമായിരുന്നില്ല. ഒന്നിച്ച് കുറച്ചു സമയം സന്തോഷമായി ചെലവഴിക്കണം എന്ന ചിന്തയായിരുന്നു മുന്നിൽ. അപ്പോഴാണ് കെമിസ്ട്രി ഡിപ്പാർട്ട്മെന്റിൽ നിന്നും വിരമിച്ച പ്രൊഫ. ലൂലി എന്ന ഞങ്ങളുടെ സുഹൃത്ത് ഒരു ക്ഷണം മുന്നോട്ട് വെച്ച്; അതായത് തനിക്ക് മംഗലം ഡാമിനടുത്ത് രണ്ട് കൃഷിയിടങ്ങളും ഒരു ഫാംഹൗസും ഉണ്ട്. അവിടേയ്ക്ക് വന്നാൽ സന്തോഷം എന്ന് പറയുന്നത്. എല്ലാവർക്കും സന്തോഷം. തീയതിയും നിശ്ചയിച്ചു. അന്നേ ദിവസം മറ്റൊരു അത്യാവശ്യ പരിപാടി കാരണം ഞങ്ങളോടൊപ്പം ചേരാൻ കഴിയാതെ വന്ന സുഹൃത്ത് പ്രൊഫ. റോസമ്മ, പോകും വഴി തന്റെ വീട്ടിലും കൂടി കയറണമെന്ന് നിർബ്ബന്ധിച്ചു. എല്ലാവർക്കും രണ്ടു വട്ടം സമ്മതം. കാരണം മുൻപ് പല പ്രാവശ്യവും ഞങ്ങൾ ആ വീട്ടിൽ പോയതിന്റെ മധുരസ്മരണകൾ ഇപ്പോഴും മങ്ങാതെ നിൽക്കുന്നുണ്ട് എന്നതു തന്നെ.

അങ്ങനെ നവംബർ 14 എന്ന ആ ദിവസം എത്തി. രാവിലെ 8.30 മണിക്ക് പുറപ്പെടണമെന്നായിരുന്നു തീരുമാനം. പോകാനുള്ള വണ്ടി 7.30 മണിക്ക് എത്തി.

ഗ്രോട്ടോയ്ക്ക് മുൻപിലെ പ്രാർത്ഥനയും പാട്ടും കഴിഞ്ഞ് വണ്ടിയിലേയ്ക്ക് കയറാറായിട്ടും ഒരാളെ കാണാനില്ല. വിളിച്ചപ്പോൾ, 'ദേ വരുന്നു ' എന്ന് മറുപടി കിട്ടി. പക്ഷെ മണി 9 ആകാറായിട്ടും ആളെ കാണുന്നില്ല.അക്ഷമരായി കാത്തുനിൽക്കുന്നവർ കുറേശ്ശെ മുറുമുറുപ്പ് തുടങ്ങി. പിന്നെ വരാനുള്ളയാളെ വഴിയിൽ നിന്ന് കയറ്റാമെന്ന് തീരുമാനിച്ച് ഞങ്ങൾ പുറപ്പെട്ടു. ആൾ കേറേണ്ട സ്റ്റോപ്പ് എത്തിയെങ്കിലും ആളെ കാണുന്നില്ല. വീണ്ടും വിളിയോ വിളി. അവസാനം ആളെത്തി. വണ്ടിയിൽ കയറ്റി. ധാർമ്മികരോഷം ആളിക്കത്തിയ ഞങ്ങൾ വൈകിയതിൻെറ കാരണം അന്വേഷിച്ചു. അപ്പോൾ ആൾ വളരെ കൂൾ ആയി പറഞ്ഞു. "ഇന്നാണ് യാത്ര എന്ന കാര്യം മറന്നുപോയി. രാവിലെ നിങ്ങൾ വിളിച്ചപ്പോഴാണ് കാര്യം ഓർമ്മ വന്നത്." എന്ന്. പിന്നെന്ത് പറയാൻ! വിരമിച്ച് വീട്ടിലിരിക്കുന്നവരല്ലേ? അൽഷിമേഴ്സിൻെറ ആരംഭമുണ്ടായിരിക്കാമെന്ന് വിചാരിച്ച് സമാധാനിച്ചു. യാത്ര വീണ്ടും തുടർന്നു. ഉടനെത്തന്നെ പീച്ചിക്കടുത്തുള്ള പട്ടിക്കാട് എത്തി. ഇവിടന്നാണ് പ്രൊഫ. റോസമ്മയുടെ വീട്ടിലേയ്ക്ക് വഴി തിരിയുന്നത്. താമസിയാതെ വീടെത്തി. ഇനി ഒരു ഫ്ലാഷ് ബാക്ക് ആവശ്യമുണ്ട്.

ഒരു വലിയ പൈതൃകത്തിൻെറ ഏതാനും ഭാഗത്തിൻെറ ഉടമസ്ഥയും സൂക്ഷിപ്പുകാരിയുമാണ് പ്രൊഫ. റോസമ്മ. ഒരു കാലത്ത് കേരളത്തിലെ പറുദീസ എന്നുവരെ വിളിക്കപ്പെട്ട "ഓട്ടീസ് ഓർച്ചാർഡ്സ്"(Otees Orchards) ൻെറ ഒരു ഭാഗം ഇപ്പോൾ റോസമ്മയുടെ കൈയിലാണ്. പട്ടിക്കാട് അടുത്ത് പാണഞ്ചേരി ഗ്രാമത്തിലെ ചാണോത്ത് എന്ന് പ്രദേശത്ത് 300 ഏക്കറോളം സ്ഥലത്താണ് പണ്ടത്തെ ഓട്ടീസ് പൂന്തോട്ടവും ഫലവൃക്ഷത്തോട്ടവും സ്ഥിതി ചെയ്തിരുന്നത്. ഒല്ലൂക്കാരൻ തോമാക്കുട്ടി എന്നതിൻെറ ചുരുക്കപ്പേരാണ് "ഓട്ടീസ്". പ്രകൃതിസ്നേഹിയായ ഈ കാരണവരുടെ ഇച്ഛാശക്തിയും പ്രയത്നവും വളർത്തിയെടുത്ത ഈ തോട്ടം ആയിരത്തിതൊള്ളായിരത്തി നാല്പതുകളിൽ തന്നെ പ്രസിദ്ധമായി. അപ്പോൾ മുതൽ രാഷ്ട്രീയ– സിനിമാ രംഗങ്ങളിലെ പ്രവർത്തകർ മുതൽ സാധാരണക്കർ വരെ ഇവിടെ സന്ദർശകരായ് എത്തി. വി.ഐ.പി.കൾ പലരും ഇവിടെ എത്തിയതിൻെറ ഓർമ്മയ്ക്കായി അപൂർവ്വ വൃക്ഷലതാദികൾ വരെ നട്ടുവെച്ചു. സന്ദർശകരുടെ അഭിപ്രായം രേഖപ്പെടുത്താൻ പുസ്തകവും വെച്ചിരുന്നു. അതിൽ അനേകം പ്രമുഖരുടെ പേരുകൾ കാണാം. നടി ജയഭാരതി, "ഇത്ര മനോഹരമായി സംവിധാനം ചെയ്ത മറ്റൊരു തോട്ടം കണ്ടിട്ടില്ല? എന്ന് അഭിപ്രായം എഴുതിയത്രെ. കേരള ഗവർണർമാരായിരുന്ന ശ്രീ. രാമകൃഷ്ണ റാവുവും, വി.വി. ഗിരിയും, കേന്ദ്ര സംസ്ഥാന മന്ത്രിമാരായിരുന്ന എ.എം. തോമസ്, പനമ്പിള്ളി ഗോവിന്ദമേനോൻ, ഇ.എം.എസ്., എ.കെ. ജി., സി.എച്ച്.മുഹമ്മദ് കോയ, ആർ. ശങ്കർ, കെ. കരുണാകരൻ, അച്ച്യുതമേനോൻ തുടങ്ങിയവരും സന്ദർശകരിൽ ചിലർ മാത്രം. കേരളത്തിലെയും മറ്റു സംസ്ഥാനങ്ങളിലേയും സിനിമാ പ്രവർത്തകരുടെയും നടീനട?ാരുടെയും ഇഷ്ടലൊക്കേഷൻ ആയിരുന്നു, 'ഓട്ടീസ്?.നസീർ, സത്യൻ, ഉമ്മർ, ജയഭാരതി, ഷീല എന്നിവരൊക്കെ ഇവിടെ ഷൂട്ടിങ്ങിന് എത്തിയിട്ടുണ്ട്. മൂടുപടം,

മുടിയനായ പുത്രൻ, കള്ളിപ്പെണ്ണ് മുതലായ സിനിമകളിൽ ഓട്ടീസിൻെറ ഭംഗിയും കാണാം. ഒരു ഉയർച്ചയ്ക്ക് ഒരു താഴ്ച്ചയും ഉണ്ടാവണമല്ലോ. ഭാഗംവെപ്പും മുറിച്ചുവില്ക്കലും മറ്റും അനിവാര്യമായിരുന്നു. അതിലൊരു ഭാഗം പല കൈകൾ മാറി ശ്രീ.പൊടിപ്പാറ ജോണിൻേറയും, ഭാര്യ പ്രൊഫ. റോസമ്മയുടേയും കൈകളിലുമായി. ഭാഗ്യവശാൽ, ശ്രീ. വി.വി. ഗിരി നട്ട (1964) വെല്വെറ്റ് ആപ്പിൾ, ശ്രീ.പനമ്പിള്ളി നട്ട മനോഹരമായ പൂമരം (ബ്രൗണിയ),എ.കെ. ജി. നട്ട മരമുന്തിരി (ലാൻ സെറ്റ്), ഇ.എം.എസ്.ൻെറ മാംഗൊസ്റ്റീൻ(1958), സി.എച്ച്.ൻെറ അശോകവൃക്ഷം(1968), പിന്നെ ജോൺ-റോസമ്മമാരുടെ ലിച്ചി, സപ്പോട്ട, പാഷൻ ഫ്രൂട്ട്, പേരകൾ, മാവുകൾ, റോസുകൾ, ഓർക്കിഡ്, ആമ്പൽ തുടങ്ങിയവ ഗതകാല പ്രൗഢിയിൽ ഇപ്പോഴും തല ഉയർത്തി ത്തന്നെ നിൽക്കുന്നു. ജോണിൻെറ അഭാവത്തിലും ഈ വൃക്ഷമക്കൾ റോസമ്മയ്ക്ക് താങ്ങും തണലും തണുപ്പും നല്കി സംരക്ഷിക്കുന്നു. ഫ്ലാഷ് ബാക്ക് അവസാനിക്കുന്നു.

വണ്ടി വീട്ടുമുറ്റത്ത് നിർത്തിയ ഉടനെ എല്ലാവരും ചാടിയിറങ്ങി (ചെറുപ്പക്കാരല്ല!). പറമ്പിൻെറ നാലു ഭാഗത്തേയ്ക്കും പോയി മരങ്ങളും ചെടികളും പൂക്കളും ആമ്പൽക്കുളവും , അലങ്കാരമത്സ്യങ്ങളുമെല്ലാം എന്നിവയുമെല്ലാം ആസ്വദിച്ച് ചുറ്റിയടിക്കാൻ തുടങ്ങി. വീട്ടിനകത്തേയ്ക്ക് വരാൻ പല പ്രാവശ്യം വിളിക്കേണ്ടി വന്നു. എങ്കിലും അകത്ത് കയറിയപ്പോൾ മുന്നിലെത്തിയവയൊന്നും ആരും ഒഴിവാക്കിയില്ല എന്നതാണ് സത്യം. സത്കാരപ്രിയയായ റോസമ്മ നല്കിയ കപ്പ+മീൻകറി+ ചമ്മന്തി, പൂട്ട്-പഴം പുഴുങ്ങിയത്, പൂവൻപഴം ആദിയായവ ആവോളം അകത്താക്കി തൃപ്തരായപ്പോൾ ഇവിടെത്തന്നെ യാത്ര അവസാനിപ്പിച്ചാലോ എന്നൊരു വിചാരവും ചിലർക്കുണ്ടായി. പക്ഷെ മംഗലം ഡാമിനടുത്ത് ഒരു ഹോട്ടലിൽ ഏർപ്പാടക്കിയ സദ്യ എങ്ങനെ വേണ്ടെന്ന് വയ്ക്കും? കൂടാതെ ഒരു മുഴുവൻ ദിവസവും അവിടെ കൂടാൻ തക്കവിധം ഒരിക്കൽ കൂടി എല്ലാവരും വരണം എന്ന റോസമ്മയുടെ ക്ഷണവും കിട്ടിയതുകൊണ്ട് മുൻ നിശ്ചയപ്രകാരം യാത്ര തുടരാം എന്നു കരുതി. വീണ്ടും വാഹനത്തിൽ കയറും മുൻപ് ഇഷ്ടപ്പെട്ട ചെടികളും വിത്തുകളും, പഴങ്ങളും, പൂക്കളും എല്ലാം നിറച്ച ഓരോ പോളിത്തീൻ സഞ്ചികളും മിക്കവരുടെയും കൈകളിലുണ്ടായിരുന്നു. റോസമ്മയുടെ വീട്ടിലുള്ള എന്തും നമ്മുടെ എന്ന മട്ടിലാണ് ഓരോരുത്തരും ?കളക്റ്റ്? ചെയ്യുന്നത്. ഇതെല്ലാം കണ്ട് റോസമ്മ ചുമ്മാ ചിരിച്ചു കൊണ്ടുനിന്നു.

കുതിരാൻ മലയും വടക്കഞ്ചേരിയും വഴി ഞങ്ങളുടെ വാഹനം പതുക്കെ മുന്നോട്ട് പോയി. പ്രകൃതിഭംഗി ആസ്വദിച്ച്, ഒട്ടും ധൃതിയില്ലാതെ, ആ യാത്രയിൽ, വണ്ടിയിൽ നിന്ന് പതുക്കെ ഒഴുകിയെത്തിയ പഴയകാല മലയാള ചലച്ചിത്ര ഗാനങ്ങൾ ഗൃഹാതുരത്വമുണർത്തി. ഒരു ചെറിയ ഇടവഴിക്കു മുൻപിൽ വണ്ടി നിന്നു. മുന്നിൽ നല്ലൊരു കൃഷിയിടം. വാഴ, തെങ്ങ്, കമുക്, പുളി, മാവ്, പ്ലാവ്, കുരുമുളക് തുടങ്ങിയ തരം ഫലവൃക്ഷങ്ങൾ നിറഞ്ഞു നിൽക്കുന്ന വലിയ പറമ്പ്. ഒരു വശത്ത് വയലും പിന്നെ കുളവും കിണറും കല്ലുവട്ടിക്കുഴിയും. കുറെ നേരം നല്ല കാറ്റും കൊണ്ട് അതിലെയൊക്കെ

നടന്നു കണ്ട ശേഷം വീണ്ടും വണ്ടിയിലേയ്ക്ക്. അധികം കഴിയും മുൻപ് മറ്റൊരു കൃഷിസ്ഥലത്തെത്തി. അവിടെയുള്ള ചെറിയ ഫാം ഹൗസിൽ ഭക്ഷണം കഴിക്കാനും വിശ്രമിക്കാനും സൗകര്യമുണ്ട്. ഭക്ഷണത്തിനു മുൻപു തന്നെ , വീട്ടിൽ നിന്ന് തയ്യാറാക്കി കൊണ്ടു വന്ന ഒരു ആരോഗ്യ പാനീയം പ്രൊഫ. ലീലാമ്മ എല്ലാവർക്കും നല്കി. മാത്രമല്ല ഈ പാനീയത്തിൻെറ ഗുണവിശേഷങ്ങളും ഉണ്ടാക്കുന്ന രീതിയും വിവരിക്കുകയും ചെയ്തു. പാനീയം ശരിക്കും ക്ഷീണമകറ്റി. നല്ല രുചിയുമുണ്ടായിരുന്നു. ഇതിനിടെ ഭക്ഷണമെത്തി. വിഭവസമൃദ്ധമായ സദ്യ- പപ്പടം, പഴം, പായസമടക്കം. സദ്യയുണ്ട് കഴിഞ്ഞപ്പോൾ എല്ലാവരുടേയും വയറും മനസ്സും വല്ലാതെ നിറഞ്ഞു. പായ കരുതിയിരുന്നെങ്കിൽ അവിടെത്തന്നെ കിടന്ന് ഒരു ഉറക്കം കൂടി കഴിഞ്ഞേ മടങ്ങുമായിരുന്നുള്ളൂ. ഇനി മംഗലം ഡാം കൂടിയുണ്ട് അജണ്ടയിൽ ബാക്കി. പുറപ്പെടുക തന്നെ. ഞങ്ങൾക്ക് മുൻപ് വേറെ ചിലർ വണ്ടിയിൽ കയറി.-കായക്കുല, വാഴക്കുടപ്പനകൾ, പപ്പായകൾ തുടങ്ങിയവർ. ഞങ്ങൾ സന്ദർശിച്ച ഒരിടത്തുനിന്നും വെറും കൈയ്യോടെ പോന്ന ചരിത്രമില്ല. നഗരവാസികളായ ഞങ്ങളിൽ ചിലർ വല്ലപ്പോഴുമെങ്കിലും വിഷമില്ലാത്ത എന്തെങ്കിലും കഴിച്ചോട്ടെ എന്ന് ലൂലിയും വിചാരിച്ചു കാണും. പത്തു മിനിറ്റു കൊണ്ടു ഡാമിനടുത്തെത്തി.

മംഗലം ഡാം കാണാൻ നടന്നു തന്നെ പോകണം. അധികം സന്ദർശകരൊന്നുമില്ല. കാലാവസ്ഥയും അനുകൂലം."ടൈൽസ്" വിരിച്ച നടപ്പാതയുടെ ഒരു വശം കാടും മറുവശം ജലസംഭരണിയും. സംഭരണിക്കകത്ത് ചെറിയ തുരുത്തുകളുണ്ട്. ജലാശയത്തിൻെറ അതിരിൽ കാടും അതിനു പുറകിലായി പശ്ചിമഘട്ട മലനിരകളും കാണാം. കണ്ണിന് കുളിരേകുന്ന കാഴ്ചകൾ, വെയിൽ ശല്യം ചെയ്തില്ല എന്നു മാത്രമല്ല മഴമേഘങ്ങൾ കുറേശ്ശെ ഉരുണ്ടുകൂടുന്നുമുണ്ടായിരുന്നു. നടത്തത്തിനിടയ്ക്ക് ചെറിയ ചാറ്റൽ മഴ വന്നു. വഴിയിൽ കണ്ട പവലിയനിലേയ്ക്ക് എല്ലാവരും കയറിയിരുന്ന് പുഴയിലെ മഴ ആസ്വദിച്ചു. പിന്നെ ഒരു വളവ് തിരിഞ്ഞപ്പോൾ ഡാം കാണാറായി. വെള്ളം നിറഞ്ഞു കിടക്കുന്ന കാഴ്ച അതിസുന്ദരം. ഇത്രയും ഭംഗി കാണുമെന്ന് പുറപ്പെടുമ്പോൾ കരുതിയില്ല. അല്പം കൂടി മുന്നോട്ട് പോയപ്പോഴാണ് ആ അപ്രതീക്ഷിത ദൃശ്യം കണ്ണിൽപ്പെട്ടത്. ആമസോൺ കാടുകളിലെ അനക്കോണ്ടയോ എന്ന് സംശയിച്ചുപോയി. ഒരു വലിയ മരത്തിൻെറ തടി, ഇലയൊന്നുമില്ലാതെ വട്ടത്തിൽ ചുറ്റിപ്പിണഞ്ഞ് പൊങ്ങി പെരുമ്പാമ്പു പോലെ നിൽക്കുന്നു.കൊള്ളാം! കൊച്ചുപിള്ളേരെ പേടിപ്പിക്കാൻ പറ്റും. കാടും റോഡും അവസാനിച്ചു. ഞങ്ങൾ വാഹനം കിടക്കുന്നിടത്ത് എത്തി. വണ്ടിയിൽ കയറി. ഇനി തിരിച്ചുപോക്ക്. മണി നാല് കഴിഞ്ഞതേയുള്ളൂ. വഴിയിൽ കരുതിയിരുന്ന പലതും തൊടാതെ വണ്ടിയിൽ ഇരിപ്പുണ്ട്. അതിനോടും നീതി പുലർത്തണമല്ലോ. ഞങ്ങൾ നന്നായി ശ്രമിച്ചു. ശ്രമം ഏറെക്കുറെ വിജയിച്ചു എന്നും പറയാം. എന്നിട്ടും എന്തോ ഒരു കുറവു പോലെ. അപ്പോഴേക്കും വണ്ടി വടക്കഞ്ചേരി ടൗണിലെത്തി നിർത്തി. ഉടനെ എല്ലവരും ഇറങ്ങി. ഇനി ഓരോ ചായയോ കാപ്പിയോ കുടിക്കാതെ ഒരു യാത്രയില്ല എന്ന മട്ടിൽ മുന്നിൽ കണ്ട ഹോട്ടലിൽ കയറി. ആ പരിപാടിയും ഭംഗിയായ് അവസാനിപ്പിച്ചു. യാത്ര

അവസാനിക്കാൻ പോകുന്നല്ലോ എന്ന സങ്കടം മാത്രം ബാക്കിയായി. എങ്കിലും ഇറങ്ങുന്നതിന് മുമ്പ് എല്ലാം ഭംഗിയായി പരിണമിപ്പിച്ച ദൈവത്തിനും, SMART ൻെറ ഇക്കൊല്ലത്തെ കാര്യപരിപാടികൾ സംഘടിപ്പിക്കുന്ന ലാംഗ്വേജ് വകുപ്പിനും പ്രത്യേകം നന്ദി പറയാൻ ആരും മറന്നില്ല. 5.30 മണിയോടെ കോളേജിന് മുന്നിൽ യാത്ര അവസാനിച്ചു. അവനവൻെറ “കളക്ഷൻ” സഞ്ചികളും എടുത്ത് ഓരോരുത്തരും സ്വന്തം വീട്ടിലേയ്ക്ക്. പോകും വഴി അടുത്ത യാത്ര എന്ന്, എങ്ങോട്ട്, എന്ന് തന്നെയായിരിക്കാം എല്ലാവരുടെയും മനസ്സിൽ. ചെറുതത്രേ സുന്ദരം എന്ന് ഏതോ മഹനായ ചിന്തകൻ പറഞ്ഞതായി കേട്ടിട്ടുണ്ട്. യാത്ര തീർന്നപ്പോൾ അതു തന്നെയാണ് ശരി എന്ന് എനിക്കും തോന്നി.

**കാതറിൻ ജെമ്മ (1968)**

## OUR HOMAGE



Smt. A G Treesa ,Ist student in 1ST BATCH B.Sc MATHEMATICS (1946, REG NO: 01), St.Mary’s college Thrissur, She was a triple rank holder

HEALTHY RICE COMBO

1. Dal Fried Rice
2. Mango Sweet Pickle
3. Cucumber Salad

<u>Dal Fried Rice</u>

<u>Ingredients</u>

Raw Rice : ½ kg
Moong Dal : 100 gms
Ginger : 1 p,
Garlic : 3 flakes
Tomato : 1
Geera : 1 tsp
Butter : 2 tsp
Water : 3 glasses

Method

Soak the rice for 20 mts, Keep aside. In a pressure cooker melt the butter and add all the ingredients. Fry for 3 minutes, add dal and then soaked rice. Fry for another 2 minutes and finally add boiled water. Add salt and cover the cooker. Cook up to 2 whistles. Serve hot.

Mango Sweet Pickle

Ingredients

Raw mango : ½ kg
Sugar : ½ kg
Cardamom : 3 pcs
Cinnamon : 1 small piece
Cloves : 3 pcs
Chilly powder : ¼ tsp
Salt : ¼ tsp

Method

Remove the skin of the raw mangoes and grate. In a heavy bottom pane, add new mangoes and sugar and keep it on fire. When the sugar melts and become thick add all other ingredients except salt. Put off the fire. Keep it aside for cooling. Then add salt. Keep it in a glass jar.

Cucumber Salad

Ingredients

Cucumber : ½ kg
Onion : 2
Lime : ½ kg
Salt : ½ tsp

Cut the cucumber and onion into small cubes. Mix salt and lime juice. Serve it cool.

**Smt. Santha Rajagopal (1975-77)**



Talk on Personal Hygiene by Dr Radhakrishnan, Anaesthetist, Government Medical College, Thrissur on 24th Ocober 2014.



Monthly Alumnae meeting



Reverie released by presenting of the reverie by Mrs. Annamma Baby John (1948-52), wife of former minister, Sri Baby John to Smt. Tessy Sebastian, Rtd GM.

**ചാലിച്ച വർണ്ണങ്ങൾ**

എൻ കുഞ്ഞധരങ്ങൾ ചുംബിച്ചനേരമ–

ന്നാദ്യമായ് ദർശിച്ചെന്നമ്മയെ.

നൂറുനൂറാശകൾ മൊട്ടിട്ട വേളതൻ

സൗരഭ്യം നുകർന്നു പുളകിതയായ്.

പുത്തൻ പ്രതീക്ഷകൾ മാറോടു ചേർത്തിയ

വാത്സല്യനിധിയാം എന്നമ്മയും.

ഭൂമിയാം ദേവിതൻ ദേഹത്തു കാൽ വെച്ചു

താതന്റെ കൈകൾ പിടിച്ച നേരം.
ഓർത്തുപോയ് ഞാനെന്റെ ബാല്യകാലം
ശിശിരത്തിൻ കുളിരുള്ള സുവർണ്ണകാലം.
കൗമാരചിന്തകൾ പിച്ചവെച്ചെന്നിലേ-
ക്കാഴത്തിലാളിപ്പടർന്ന നേരം.
നൂറുനൂറായിരം സ്വപ്നചിത്രങ്ങൾ
മൊട്ടിട്ടുവെൻ മണി മഞ്ചകത്തിൽ.
അമ്മക്കിളിതൻ ചിറകിനാൽ വേർപ്പെട്ട
കുഞ്ഞിക്കിളിയെന്ന പോലെയായ് ഞാൻ
പുത്തൻ ചിറകുകൾ വീശിയന്നാദ്യമായ്
നീലാകാശത്തിൻ സൗരഭ്യം നുണയവേ
ഒരു നൂറുപുഷ്പങ്ങൾ മിന്നിവിടരുന്ന
വസന്തത്തിൻ നറുതേൻ നുണഞ്ഞുപോയി.
വസന്തത്തിനപ്പുറമെന്തെന്നോർക്കാതെ
ആടിത്തിമിർത്തു ഞാൻ ആ വേളയിൽ
ചിന്നിച്ചിതറിയ നൂറുനൂറാശകൾ
ചങ്ങലക്കുള്ളിലോ ബന്ധിച്ചു പോയ്.
ഒരു കൈസഹായത്തിനാശിച്ചുപോയ് ഞാൻ
നുകർന്നു നെടുവീർപ്പിൻ സുഗന്ധലേശം.
സ്വർഗ്ഗത്തിൽ നിന്നുമെൻ മുന്നിലൊരായിരം
സ്വപ്നചിത്രങ്ങളടർന്നു വീണു.
ശിശിരകാലത്തിന്റെ മാധുര്യമേല്ക്കാതെ
മന്ദമാരുതൻ തലോടലറിയാതെ.
പുഷ്പങ്ങൾ വിരിച്ചൊരു പാതയിലല്ല ഞാൻ

കഷ്ടം, കഠിനമാം മുൾവീഥിയിൽ.

പിന്നിട്ട പാതകൾ എൻ മുന്നിലായിരം

ചാലിച്ചു വർണ്ണങ്ങൾ ഋതുഭേദത്തിൽ.

ഓർത്തുപോയ് ഞാനെൻെറ ബാല്യകാലം

ആയിരം വർണ്ണങ്ങൾ തൻ സുവർണ്ണകാലം.
**മഞ്ജു എം.ജി.(2010–12)**



Demonstration on Waste Management by Smt. Indira Gopinadh at "Navani Heights"



Doctor on call in **Monsoon fest,** Dr. Roni Ignatius (1985-1987)



Department of History, St. Mary's College, Thrissur in association with **departmental alumni** organized an intercollegiate collage competition on 11th December 2014 to commemorate the centenary of First World War. Twelve teams were participated in the competition .Students from History Department of St. Marys College secured first and third position. Students from St. Thomas College secured the second position.



Our alumnae Prajusha M A (Botany 2004-2007 ) in the Asian Games




History department of St.Mary's College organised an Alumnae meet on 18th October2014 in the College Campus. Teachers and students from 1979 batch onwards attended the function.

**മുക്തി**

മലരുകൾ വാടിത്തളർന്നിതാ സന്ധ്യയിൽ

നറുമണം കാറ്റിലലിഞ്ഞുപോയ്....

വിദൂരമാവീഥിയിലലയുമാ പറവതൻ

ചിറകൊച്ച താനേ നിലച്ചുപോയ്.....

ഒരു മാത്ര കൂടിയാ മണ്ണിൻെറ ഗന്ധമി–

ന്നരുളുമോ കുളിരാർന്ന നീർത്തുള്ളികൾ?

ചടുലമീ നാദവും തോരാത്ത ചിറ്റലും

സഫലമീ സംയുക്തയാമങ്ങളും

നിപുണമെൻ അജ്ഞാത മാന്ത്രികാ...

നിൻ കരം വിഫലമില്ലിന്നെന്നിൽ ചോർന്നിടുമ്പോൾ

പുറകിലായൊരു പാത പിന്നിടുമ്പോളതി–

ന്നരികിലായൊരുപാട് നൊമ്പരങ്ങൾ.

കരിയിലക്കാറ്റല്ല കരയും കിനാവല്ല

കനവറ്റുപോകുന്നൊരനുഭവങ്ങൾ....

മിന്ന ജോസ് (2009–14)



**Mrs. Santha Rajagopal** (1975-77) renowned host of cookery shows conducted demonstration session for the students on 20th Jan 2015



Sale of Seeds prepared by Botany Aluminae inaugurated by Dr. Roni Ignatius (1985-87)

**ജീവിതം**

വിജ്ഞാന ശാഖകൾ നീലാകാശം കടക്കവേ

എന്തിനോ വേണ്ടി തിരയുന്ന മനുഷ്യൻ

നിന്റെ തിരച്ചിൽ തീരുമ്പോൾ

നീയറിയുന്നുവോ നിന്റെ ജീവിതം തീർന്നെന്ന്.......

മനുഷ്യൻ

എത്ര എത്ര മുഖങ്ങൾ

പല പല ഭാവങ്ങൾ

പല പല ചിന്തകൾ

എല്ലാം മനുഷ്യരാണത്രേ.......?????

**Jiji Francis E (2001-2006)**



Debate on “Gender Sensitisation“ dated 2nd July, 2014 . Moderator was Smt. Soja K k, Aluminae President



Arya C (Economics - 2011) won the First prize in 4x400 meters relay in Asian Games

# GEM OF ST. MARY'S CONTEST CONDUCTED BY ALUMNAE









# PROGRAMME AT "THANAL"










# ANNUAL GET TOGEHTER OF ELDER ST.MARIANS ON 26TH JANUARY 2014























# MEDICAL CAMP CONDUCTED BY ELDER MARIANS AT ST. MARY'S U.P. SCHOOL, CHIYYARAM












COVER DESIGNING COMPETITIN CONDUCTED BY ELDER MARIANS



AANCHAL, M.COM 2nd YEAR




NILEENA P.V, M.SC MICROBIOLOGY, 2nd YEAR




SURYA P. SURESH, B.SC CHEMISTRY, 3RD YEAR



SREYA C.S, M.A HISTORY 1ST YEAR